വായനക്കാർക്ക് വിഷുദിനാശംസകൾ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2024 ഏപ്രിൽ 13 ശനി | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



## സിഡ്നിയിലെ ഷോപ്പിങ് മാളിൽ കത്തിയാക്രമണം, അഞ്ചുപേർ കൊല്ലപ്പെട്ടു; അക്രമിയെ പോലീസ് വെടിവെച്ച് കൊന്നു

സിഡ്നി(ഓസ്ട്രേലിയ): സിഡ്നിയിലെ തിരക്കേറിയ ഷോപ്പിങ് മാളിൽ നടന്ന കത്തിയാക്രമണത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു. നിരവധിപേർക്ക് ആക്രമണത്തിൽ കുത്തേറ്റതായാണ് റിപ്പോർട്ട്. അക്രമിയെന്ന് സംശയിക്കുന്നയാളെ പോലീസ് വെടിവെച്ച് കൊലപ്പെടുത്തി.

പ്രാദേശിക സമയം ശനിയാഴ്ച വൈകിട്ടോടെയാണ് സിഡ്നിയിലെ 'വെസ്റ്റ്ഫീൽഡ് ബോണ്ടി ജങ്ഷൻ' മാളിൽ ആക്രമണമുണ്ടായത്. കത്തിയുമായെത്തിയ അക്രമി മാളിലുണ്ടായിരുന്ന നിരവധിപേരെ കുത്തിപ്പരിക്കേൽപ്പിച്ചെന്നാണ് വിവരം. സംഭവസമയത്ത് നിരവധിപേരാണ് മാളിലുണ്ടായിരുന്നത്.

ആക്രമണത്തെത്തുടർന്ന് പലരും മാളിലെ സൂപ്പർമാർക്കറ്റിലാണ് അഭയംതേടിയത്. ഏകദേശം ഒരുമണിക്കൂറോളം ജനങ്ങൾ ഇവിടെ ഒളിച്ചിരുന്നതായും റിപ്പോർട്ടുകളിൽ പറയുന്നു.

അതിനിടെ, മാളിൽനിന്നുള്ള ചില ദൃശ്യങ്ങളും സാമൂഹികമാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. ഒരാൾ കത്തിയുമായി മാളിനുള്ളിലൂടെ ഓടുന്നതും പലരും പരിക്കേറ്റ് തറയിൽകിടക്കുന്നതുമാണ് ദൃശ്യങ്ങളിലുള്ളത്.

ജനങ്ങൾ പരിഭ്രാന്തരായി ഓടുന്ന കാഴ്ചയാണ് മാളിൽ കാണാനായതെന്ന് ഒരു ദൃക്സാക്ഷിയും പ്രതികരിച്ചു.

സംഭവത്തെത്തുടർന്ന് ഷോപ്പിങ് മാൾ അടച്ചിട്ടുണ്ട്. ജനങ്ങൾ പ്രദേശത്തുനിന്ന് ഒഴിഞ്ഞുപോകണമെന്നും പോലീസ് അഭ്യർഥിച്ചു.

ആക്രമണത്തിന് പിന്നിൽ ആരാണെന്നോ എന്താണ് ആക്രമണത്തിന് പ്രേരണയായതെന്നോ ഇതുവരെ വ്യക്തമല്ല.



ആക്രമണം നടന്ന ഷോപ്പിങ് മാളിൽനിന്ന് പുറത്തേക്ക് വരുന്നവർ

## തൃശൂർ പൂരം; വിവാദ നിർദേശങ്ങൾ പിൻവലിക്കുമെന്ന് വനം വകുപ്പ് മന്ത്രി

തിരുവനന്തപുരം: തൃശൂർ പൂരവുമായി ബന്ധപ്പെട്ട വിവാദ നിർദേശങ്ങൾ പിൻവലിക്കുമെന്ന് വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ. അപ്രായോഗിക നിർദേശങ്ങൾ തിരുത്തി തിങ്കളാഴ്ച പുതിയ സത്യവാങ്മൂലം സമർപ്പിക്കുമെന്നും ആനകളുടെ സംരക്ഷണം ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. ഉത്സവ പരിപാടികൾ ആചാരമനുസരിച്ച് നടത്തുന്നത് പ്രധാനമെന്നും അടിയന്തര സാഹചര്യം കോടതിയെ അറിയിക്കുമെന്നും മന്ത്രി.തൃശൂർ പൂരത്തിന് ആനകളെ എഴുന്നള്ളിക്കുന്നതിന് ഹൈക്കോടതി കർശന നിർദേശങ്ങൾ നൽകിയിരുന്നു. മുഴുവൻ ആനകളുടെ പട്ടികയും ഫിറ്റ്നസ് സർട്ടിഫിക്കറ്റും സമർപ്പിക്കാനാണ് നിർദേശം. കോടതി നിയോഗിച്ച അമിക്കസ്ക്യൂറി ആനകളെ പരിശോധിക്കണമെന്നും ആരോഗ്യ പ്രശ്നങ്ങളും മദപ്പാടുമുള്ള ആനകളെ പൂരത്തിൽ പങ്കെടുക്കാൻ അനുവദിക്കില്ലെന്നും കോടതി വ്യക്തമാക്കിയിരുന്നു.

ആന എഴുന്നള്ളിപ്പിൽ ഇപ്പോഴത്തെ മാർഗനിർദേശങ്ങൾ പ്രായോഗികമല്ലെന്നാണ് ആന ഉടമകളുടെ നിലപാട്. നിലവില മാനദണ്ഡപ്രകാരം തൃശൂർ പൂരം നടത്താനാകില്ലെന്ന് തിരുവമ്പാടി ദേവസ്വംപ്രതിനിധികളും പറഞ്ഞിരുന്നു.

## 'മഞ്ഞുമ്മൽ ബോയ്സ്' നിർമ്മാതാക്കളുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചു

കൊച്ചി:'മഞ്ഞുമ്മൽ ബോയ്സ്' സിനിമ നിർമ്മാതാക്കളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാൻ എറണാകുളം സബ് കോടതി ഉത്തരവ്. ചിത്രത്തിന്റെ നിർമാണ കമ്പനിയായ പറവ ഫിലിംസ്സിന്റെയും പാർട്ണർ ഷോൺ ആന്റണിയുടെയും 40 കോടിരൂപയുടെ ബാങ്ക് അക്കൗണ്ടാണ് സബ് കോടതി ജഡ്ജി സുനിൽ വർക്കി മരവിപ്പിച്ചത്.

ചിത്രത്തിന്റെ നിർമാണത്തിന് ഏഴു കോടി രൂപ മുതൽമുടക്കിയ അരൂർ സ്വദേശി സിറാജ് വലിയത്തറ ഹമീദ് സമർപ്പിച്ച ഹരജിയിലാണ് കോടതി ഉത്തരവ്. 40 ശതമാനം ലാഭ വിഹിതം വാഗ്ദാനം ചെയ്തു നിർമാതകൾ പണം കൈപ്പറ്റിയ ശേഷം ലാഭവിഹിതമോ മുതൽമുടക്കോ നൽകാതെ കബളിപ്പിച്ചതെന്നാണ് ഹരജി.ആഗോള തലത്തിൽ ഇതുവരെ 220 കോടി രൂപ ചിത്രം കലക്ഷൻ നേടിയിട്ടുണ്ടെന്നും ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ മുഖേനയും ചിത്രം 20 കോടിയോളം രൂപ നേടിയിട്ടുണ്ടെന്നും ഹരജിയിൽ പറയുന്നു. നിർമ്മാതാക്കൾ യാതൊരു തുകയും ചെലവാക്കിയിട്ടില്ലെന്നും 22 കോടി രൂപ ചെലവ് വരുമെന്ന് പറഞ്ഞാണ് ഏഴു കോടി രൂപ വാങ്ങിയതെന്നും ഹരജിയിൽ ചൂണ്ടിക്കാട്ടുന്നു. ഹരജിയിൽ ചിത്രത്തിന്റെ നിർമ്മാതാക്കളായ സൗബിൻ ഷാഹിർ, ബാബു ഷാഹിർ എന്നിവർക്ക് കോടതി നോട്ടീസ് അയച്ചു.ഹരജിക്കാരന് വേണ്ടി അഡ്വ. സൈബി ജോസ് കിടങ്ങൂർ ഹാജരായി.

## 'താങ്കളുടെ ഡിഗ്രി പോലെ വ്യാജമല്ല എന്റെ പാർട്ടി'; മോദിക്ക് മറുപടിയുമായി ഉദ്ധവ് താക്കറെ

മുംബൈ: ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേന വ്യാജ ശിവസേനയാണെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിമർശനത്തിന് മറുപടിയുമായി ഉദ്ധവ് താക്കറെ. താങ്കളുടെ ഡിഗ്രി പോലെ വ്യാജമല്ല, തന്റെ നേതൃത്വത്തിലുള്ള പാർട്ടിയെന്ന് ഉദ്ധവ് താക്കറെ പറഞ്ഞു.

'മോദി വ്യാജമാണെന്ന് വിളിച്ചത് ബാൽത്താക്കറെ സ്ഥാപിച്ച ശിവസേനയാണ്. ഞങ്ങളുടെ പാർട്ടി നിങ്ങളുടെ വിദ്യാഭ്യാസ ബിരുദം പോലെ വ്യാജമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ..ഒന്നുകൂടി വ്യക്തമാക്കാം..മഹാരാഷ്ട്ര മോദിയെ അംഗീകരിക്കില്ല.താക്കറെയും പവാറുമായിരിക്കും ഇവിടെ ചലനമുണ്ടാക്കുന്നത്.' അദ്ദേഹം പറഞ്ഞു.



മഹാരാഷ്ട്രയിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയാണ് മോദി ശിവസേനയെ വ്യാജമെന്ന് വിളിച്ചത്. ഇൻഡ്യ സഖ്യത്തിലുള്ള ഡി.എം.കെ സനാതന ധർമ്മത്തെ തകർക്കാനായി നടക്കുന്നു. മലേറിയയോടും ഡെങ്കിയോടുമാണ് ഡി.എം.കെ സനാതന ധർമ്മത്തെ ഉപമിക്കുന്നത്. വ്യാജ ശിവസേനയും കോൺഗ്രസും ഇത്തരം ആളുകളുടെ മഹാരാഷ്ട്രയിലെ റാലികൾക്ക് വിളിക്കുന്നുണ്ടെന്നും മോദി ചന്ദ്രാപൂരിൽ നടന്ന റാലിയിൽ പറഞ്ഞു.

വ്യാഴാഴ്ച നന്ദേഡിൽ നടന്ന റാലിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ശിവസേനയെ വ്യാജമെന്ന് വിളിച്ചിരുന്നു.

ഉദ്ധവ് താക്കറെയ്ക്കൊപ്പമുള്ള ശിവസേനയും ശരദ് പവാറിനൊപ്പമുള്ള എൻസിപിയും വ്യാജമാണെന്നായിരുന്നു അമിത് ഷാ പറഞ്ഞത്.

'ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള വ്യാജ-ശിവസേനയും ശരദ് പവാറിന്റെ വ്യാജ-എൻസിപിയും മഹാരാഷ്ട്രയിൽ അവശേഷിക്കുന്ന കോൺഗ്രസും ഉണ്ട്. ഈ മൂന്ന് പാർട്ടികളും സ്പെയർ പാർട്സ് ഒത്തുവരാത്ത ഓട്ടോറിക്ഷ പോലെയാണ്. അത് എങ്ങനെ പ്രവർത്തിക്കും, മഹാരാഷ്ട്രയ്ക്ക് വേണ്ടി എന്ത് നല്ല കാര്യം ചെയ്യും...? അമിത് ഷാ ചോദിച്ചു.

അമിത്ഷാക്ക് മറുപടിയുമായി എൻ.സി.പി രംഗത്തെത്തി. ആരാണ് വ്യാജൻ, ആരാണ് യഥാർത്ഥമെന്ന് മഹാരാഷ്ട്രയിലെ ജനങ്ങൾ തീരുമാനിക്കട്ടെ. നിങ്ങൾക്കുള്ള മറുപടി ബാലറ്റിലൂടെ ജനങ്ങൾ തരുമെന്ന് എൻസിപിയുടെ സംസ്ഥാന പ്രസിഡന്റ് ജയന്ത് പാട്ടീൽ പറഞ്ഞു.

## ശോഭാ സുരേന്ദ്രൻ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാന രഹിതമെന്ന് ഗോകുലം ഗോപാലൻ

എനിക്കെതിരെ ആലപ്പുഴയിലെ എൻ ഡി എ സ്ഥാനാർത്ഥി ശോഭാ സുരേന്ദ്രൻ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ്.

എസ് എൻ ഡി പി യോഗം ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുത്തി എനിക്കെതിരെ പറഞ്ഞ കാര്യങ്ങൾ തികഞ്ഞ അവാസ്തവവും.

കക്ഷി രാഷ്ട്രീയത്തിലോ തെരഞ്ഞെടുപ്പ് രംഗത്തോ ഇടപെടാറുള്ള ആളല്ല ഞാൻ . എല്ലാ പാർട്ടികളിലേയും വിവിധ നേതാക്കളുമായി നല്ല ബന്ധം എനിക്കുണ്ട്. ആ ബന്ധം എന്റെ വ്യക്തിപരമായ കാര്യങ്ങൾക്ക് ഉപയോഗിച്ചിട്ടുമില്ല.

നിലവിലെ എസ്എൻഡിപി യോഗ നേതൃത്വവുമായി എനിക്ക് അഭിപ്രായ ഭിന്നതകളുണ്ട്. ആ ഭിന്നതയിലേക്ക് രാഷ്ട്രീയ നേതാക്കളെ വലിച്ചിഴച്ചിട്ടില്ല. നുണയാരോപണം ഉന്നയിക്കും മുമ്പ് ഇതിൽ വസ്തുതയുണ്ടോ എന്ന് ശോഭാ സുരേന്ദ്രന് എന്നെ ഫോണിൽ വിളിച്ച് ചോദിക്കാമായിരുന്നു.

പൂർണമായും അടിസ്ഥാന രഹിതവും അതിലേറെ പൊതു സമൂഹത്തിൽ വ്യക്തിപരമായി എന്നെ ഏറെ കളങ്കപ്പെടുത്തുകയും ചെയ്ത ആരോപണങ്ങൾ ഉന്നയിച്ച ശോഭ സുരേന്ദ്രന് ഒരു പൊതു പ്രവർത്തക എന്ന നിലയിൽ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ അവരോട് വെളിപ്പെടുത്തിയ ആളുടെ പേര് കൂടി പറയാനുള്ള ധാർമ്മിക ഉത്തരവാദിത്വമുണ്ട്. എൻറെ നിലപാടിനെ പിന്തുണച്ച് ആരെയെങ്കിലും തള്ളിപ്പറയാൻ ഞാൻ ആരെയും ചുമതലപ്പെടുത്തിയിട്ടുമില്ല. ആരെങ്കിലും എൻറെ പേരുപയോഗിച്ച് ശോഭാ സുരേന്ദ്രനെ ഭീഷണിപ്പെടുത്തിയെങ്കിൽ അവർക്കെതിരെ നിയമ നടപടി സ്വീകരിക്കാവുന്നതാണ്.

എനിക്ക് നിക്ഷേപമുള്ള ചാനൽ നൽകുന്ന വാർത്തകളിൽ ഞാൻ ഇടപെടാറില്ല. എഡിറ്റോറിയൽ സ്വാതന്ത്ര്യത്തിൽ കൈ കടത്തുന്നത് എൻറെ രീതിയുമല്ല.

രാഷ്ട്രീയ വിവാദങ്ങളിലേക്ക് വലിച്ചിഴക്കരുത്. ഇത്തരം അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ആവർത്തിച്ചാൽ നിയമ നടപടികളിലേക്ക് കടക്കും.

## 62 ദിവസം നീണ്ട സമരം അവസാനിപ്പിച്ച് കണ്ണീരോടെ സിപിഒ റാങ്ക്ഹോൾഡേഴ്സ് മടങ്ങി

തിരുവനന്തപുരം: അർഹതപ്പെട്ട ജോലിയെന്ന സ്വപ്നം നേടിയെടുക്കാനാവാതെ സമരം അവസാനിപ്പിച്ച് സിപിഒ റാങ്ക് ഹോൾഡേഴ്സ്. സർക്കാർ കൈവിട്ടതോടെ 62 ദിവസം നീണ്ടുനിന്ന സമരം നിർത്തി കണ്ണീരോടെയാണ് ഉദ്യോഗാർത്ഥികൾ തലസ്ഥാനം വിട്ടത്. ഊണും ഉറക്കവുമില്ലാതെ പഠിച്ചും കഷ്ടപ്പെട്ടും നേടിയെടുത്തതായിരുന്നു റാങ്ക് ലിസ്റ്റിലെ പേര്. പലകുടുംബങ്ങളുടെയും പ്രതീക്ഷ. ഇന്നല്ലെങ്കിൽ നാളെ ഒരു അഡ്വൈസ് മെമോ തങ്ങൾക്കും കിട്ടുമെന്ന് കരുതി കാത്തിരുന്നത് അഞ്ചു വർഷം.ഒടുവിൽ സർക്കാർ കൈവിടുമെന്ന് ഉറപ്പായതോടെ സെക്രട്ടറിയേറ്റിന് മുന്നിൽ പലവിധ സമരങ്ങൾ. മുട്ടിലിഴഞ്ഞും മണ്ണ് തിന്നും വാമൂടിക്കെട്ടിയുമെല്ലാം സർക്കാരിൻറെ കനിവിനായി കാത്തു. എല്ലാം കാക്കിയെന്ന സ്വപ്നത്തിനായി. ഒടുവിൽ എല്ലാം അവസാനിപ്പിച്ച് കലങ്ങിയ കണ്ണുകളും പിടയുന്ന മനസുമായി അവർ മടങ്ങി.പലർക്കും ഇനിയൊരു പരീക്ഷപോലും എഴുതാനാവില്ല.13975 പേരുടെ പട്ടികയിൽ നിന്ന് 4400 പേർക്കാണ് അഡ്വൈസ് ലഭിച്ചത്. ഒൻപതിനായിരത്തോളം പേർ പുറത്തായി.പ്രതീക്ഷിച്ച ഒഴിവുകളിൽ അടക്കം നിയമനം നടത്തിക്കഴിഞ്ഞെന്നാണ് സർക്കാർ വാദം. നേരത്തെ ഡിജിപി നടത്തിയ ചർച്ചയിൽ കണക്കുകൾ വിശദീകരിച്ചുവെന്നും സർക്കാർ പറയുന്നു.എന്നാൽ സർക്കാർ വഞ്ചിച്ചെന്നും ഇതിനെതിരെ സമൂഹ മാധ്യമങ്ങളിലൂടെ ക്യാമ്പെയിൻ നടത്താനുമാണ് തീരുമാനം.



## മദ്യനയ അഴിമതി: അറസ്റ്റ് ചോദ്യം ചെയ്തുള്ള കെജരിവാളിന്റെ ഹർജി തിങ്കളാഴ്ച സുപ്രീം കോടതിയിൽ

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ അറസ്റ്റ് ചെയ്ത എൻഫോഴ്സമെന്റ് ഡയറക്ടറേറ്റ് (ഇഡി) നടപടിയെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ നൽകിയ ഹർജി സുപ്രീം കോടതി തിങ്കളാഴ്ച പരിഗണിക്കും. ഹർജി തള്ളിയ ഡൽഹി ഹൈക്കോടതി നടപടി ചോദ്യം ചെയ്താണ് കെജരിവാൾ സുപ്രീം കോടതിയെ സമീപിച്ചത്.

ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുടെ ബെഞ്ചാണ് ഹർജി പരിഗണിക്കുക. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു തൊട്ടു പിന്നാലെ തന്നെ അറസ്റ്റ് ചെയ്തത് രാഷ്ട്രീയ പ്രേരണയാലാണ് എന്നാണ് കെജരിവാളിന്റെ വാദം.

കെജരിവാളിനെതിരെ തെളിവുണ്ടെന്നു ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി ഹർജി തള്ളിയത്. രാഷ്ട്രീയ പ്രേരിതമായ അറസ്റ്റാണെന്ന വാദം നിലനിൽക്കില്ലെന്നും ഹൈക്കോടതി വ്യക്തമാക്കിയിരുന്നു.

## കേരളത്തിന് 3,000 കോടി കടമെടുക്കാം; കേന്ദ്ര അനുമതി

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ആശങ്കകൾക്ക് താത്കാലിക വിരാമമിട്ട് 3,000 കോടി കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകി. 5000 കോടി രൂപയാണ് കേരളം ആവശ്യപ്പെട്ടത്. കേരളത്തിന് ഈ സാമ്പത്തിക വർഷം 37,512 കോടി കടമെടുക്കാൻ അവകാശമുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിച്ചെങ്കിലും കടമെടുപ്പിനുള്ള അനുമതി ഒരു സംസ്ഥാനത്തിനും നൽകിയിരുന്നില്ല.

ഇതോടെയാണ് അനുമതി തരുംവരെ ഇടക്കാല വായ്പക്കുള്ള അനുമതി കേരളം ആവശ്യപ്പെട്ടത്. 3,000 കോടി അടുത്തയാഴ്ച തന്നെ കടമെടുക്കാനാണ് സർക്കാർ ആലോചിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും കഴിഞ്ഞ വർഷം പാസാക്കാൻ കഴിയാത്ത ബില്ലുകൾ പാസാക്കാനാണ് ഈ തുക പ്രധാനമായും ഉപയോഗിക്കുക.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ ആദ്യ ഗഡുവായി 1.377 കോടി രൂപ ഇന്നലെ ധനവകുപ്പ് അനുവദിച്ചു. ഇതിൽ 847.42 കോടി റോഡുകളുടെ അറ്റകുറ്റപ്പണിക്കാണ്. മറ്റുള്ള അറ്റകുറ്റപ്പണികൾക്കായി 529.64 കോടിയും നീക്കിവച്ചു. പഞ്ചായത്തുകൾക്ക് 928.87 കോടി രൂപ ലഭിക്കും. ബ്ലോക്ക് പഞ്ചായത്തുകൾക്ക്74.28 കോടി, ജില്ലാ പഞ്ചായത്തുകൾക്ക് 130.19 കോടി, മുൻസിപ്പാലിറ്റികൾക്ക് 184.13 കോടി, കോർപ്പറേഷനുകൾക്ക് 59.45 കോടി എന്നിങ്ങനെയാണ് വിഹിതമുള്ളത്, തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടാണ് ആദ്യമാസം തന്നെ മെയിന്റനൻസ് ഗ്രാന്റ് നൽകുന്നത്.

## 'കോടതിയിൽ പോലും തന്റെ സ്വകാര്യത സംരക്ഷിക്കപ്പെട്ടില്ല': നടി ആക്രമിക്കപ്പെട്ട കേസിൽ അതിജീവിത

കൊച്ചി: നടി ആക്രമിക്കപ്പെട്ട കേസിൽ മെമ്മറി കാർഡിന്റെ ഹാഷ് വാല്യു മാറിയതിൽ പ്രതികരിച്ച് അതിജീവിത.രാജ്യത്തെ ഭരണഘടന തനിക്ക് അനുവദിച്ച തന്റെ സ്വകാര്യതയെന്ന മൗലിക അവകാശമാണ് നിഷേധിക്കപ്പെട്ടതെന്ന് അതിജീവിത പറഞ്ഞു. കോടതിയിൽ പോലും തന്റെ സ്വകാര്യത സംരക്ഷിക്കപ്പെട്ടില്ലെന്നും മെമ്മറി കാർഡിന്റെ ഹാഷ് വാല്യൂയുമായി ബന്ധപ്പെട്ട ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ട് ഞെട്ടിക്കുന്നതാണെന്നും അതിജീവിത പറഞ്ഞു.

ഇരയാക്കപ്പെട്ട വ്യക്തിയുടെ നീതിക്ക് കോട്ട കെട്ടി കരുത്തുപകരേണ്ട കോടതിയിൽ നിന്നും ഇത്തരം ഒരു ദുരനുഭവം ഉണ്ടാകുമ്പോൾ തകരുന്നത് മുറിവേറ്റ മനുഷ്യരും അഹങ്കരിക്കുന്നത് മുറിവേൽപിച്ച നീചരുമാണെന്ന് അതിജീവിത സമൂഹമാധ്യമത്തിൽ കുറിച്ചു. സത്യസന്ധരായ ന്യായാധിപരുടെ കാലം അവസാനിച്ചില്ലെന്ന് കരുതുന്നുവെന്നും നീതി ലഭിക്കും വരെ പോരാടുമെന്നും അതിജീവിത പറയുന്നു.

**കുറിപ്പിൽ പറയുന്നത് ഇങ്ങനെ...**

എന്റെ കേസുമായി ബന്ധപ്പെട്ട മെമ്മറികാർഡിന്റെ ഹാഷ് വാല്യു മാറിയതിൽ വിചാരണ കോടതി നടത്തിയ ജുഡീഷ്യൽ അന്വേഷണത്തിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം എനിക്ക് ലഭിക്കുകയുണ്ടായി,

സ്വകാര്യത എന്നത് ഒരു വ്യക്തിയുടെ മൗലിക അവകാശമാണെന്നിരിക്കേ കോടതിയിൽ ഇരുന്ന ദൃശ്യങ്ങൾ അടങ്ങി മെമ്മറികാർഡിന്റെ ഹാഷ്യ വാല്യൂ പലവട്ടം മാറിയതിലൂടെ നിഷേധിക്കപ്പെട്ടത് ഞാനെന്ന വ്യക്തിയ്ക്ക് ഈ രാജ്യത്തെ ഭരണഘടന അനുവദിച്ച അവകാശമാണ്. എന്റെ സ്വകാര്യതയ്ക്ക് ഈ കോടതിയിൽ സുരക്ഷയില്ലെന്നത് ഭയമുളവാക്കുന്നതാണ്.

ഇരയാക്കപ്പെട്ട വ്യക്തിയുടെ നീതിയ്ക്ക് കോട്ട കെട്ടി കരുത്തുപകരേണ്ട കോടതിയിൽ നിന്നും ഇത്തരം ദുരനുഭവം ഉണ്ടാകുമ്പോൾ തകരുന്നത് മുറിവേറ്റ മനുഷ്യരും അഹങ്കരിക്കുന്നത് മുറിവേൽപ്പിച്ച നീചരുമാണെന്നത് സങ്കടകരമാണ്.

എന്നിരുന്നാലും സത്യസന്ധരായ ന്യായാധിപൻമാരുടെ കാലം അവസാനിച്ചിട്ടില്ലെന്ന വിശ്വാസ്യതയോടെ നീതി ലഭിക്കുന്നതുവരെ എന്റെ പോരാട്ടം തുടരും. ഓരോ ഇന്ത്യൻ പൗരന്റെയും അവസാനത്തെ അത്താണിയായ നിതിന്യായ വ്യവസ്ഥിതിയുടെ വിശുദ്ധി തകരില്ലെന്ന പ്രത്യാശയോടെ എന്റെ യാത്ര തുടരുക തന്നെ ചെയ്യും. സത്യമേവ ജയതേ...

നടിയെ ആക്രമിച്ച കേസിൽ മെമ്മറി കാർഡ് ചോർന്നതിലെ അന്വേഷണ റിപ്പോർട്ടിൽ മൂന്ന് തവണയായി മെമ്മറികാർഡ് അനധികൃതമായി പരിശോധിച്ചതായി കണ്ടെത്തിയിരുന്നു.

## സിനിമയാവാനൊരുങ്ങി 34 കോടി പുണ്യം; യഥാർഥ കേരള സ്റ്റോറിയെന്ന് പ്രൊഡ്യൂസർ

സൗദിയിൽ വധശിക്ഷ കാത്തു കിടന്ന അബ്ദുൾ റഹീമിനായി മോചനത്തുകയായ 34 കോടി കഴിഞ്ഞ ദിവസം സമാഹരിച്ചത് വലിയ വാർത്തയായിരുന്നു. കേരളം ഈയടുത്ത് കണ്ട ഏറ്റവും വലിയ രക്ഷാധന സമാഹരണ യജ്ഞമായിരുന്നു ഇത്. ഇപ്പോഴിതാ റഹീമിനെ മോചിപ്പിക്കാനായി 34 കോടി സമാഹരിച്ചത് സിനിമയാകുന്നുവെന്ന വാർത്തയാണ് പുറത്തുവരുന്നത്.

ഡൽഹി മലയാളിയായ ഷാജി മാത്യുവാണ് കഥയെ ആസ്പദമാക്കി സിനിമ നിർമിക്കുന്നത്. 34 കോടി പുണ്യമാണ് യഥാർഥ കേരള സ്റ്റോറിയെന്ന് ഷാജി മാത്യു പറഞ്ഞു.

ഒരാൾ പൊക്കം, ഒഴിവുദിവസത്തെ കളി, നിള, ചോല എന്നീ സിനിമകളുടെ പ്രൊഡ്യൂസർ കൂടിയാണ് ഷാജി മാത്യു.

റഹീമിന്റെ മോചനത്തിനായി ആവശ്യമായ ദയാധനത്തിനു വേണ്ടി നടത്തിയ ക്രൗഡ് ഫണ്ടിങ് നിശ്ചിത തുകയായ 34 കോടി കഴിഞ്ഞ ദിവസമാണ് സമാഹരിച്ചത്. ദയാധനം നൽകാൻ മൂന്നു ദിവസം ബാക്കിനിൽക്കെയാണ് ലക്ഷ്യത്തോടടുത്തത്.

റഹീമിന്റെ ജീവൻ രക്ഷിക്കാനായി സ്വദേശമായ ഫറോക്ക് കോടമ്പുഴയിൽ രൂപംനൽകിയ സന്നദ്ധ കൂട്ടായ്മയായിരുന്നു ധനസമാഹരണം ഏകോപിപ്പിച്ചിരുന്നത്. ഇതിനായി Save Abdul Rahim എന്ന പേരിൽ ആപ്പും ആരംഭിച്ചിരുന്നു. ബാങ്ക് അക്കൗണ്ടുകൾ, യു.പി.ഐ ഉൾപ്പെടെയുള്ള മാർഗങ്ങൾക്കു പുറമെ ക്രൗഡ് ഫണ്ടിങ് കൂടുതൽ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആപ്പ് ആരംഭിച്ചത്.

കഴിഞ്ഞ 18 വർഷമായി ജയിലിൽ കഴിയുകയാണ് അബ്ദുൽ റഹീം. 2006ൽ 24ന് 26-ാം വയസിലാണ് കൊലക്കുറ്റം ചുമത്തപ്പെട്ടു ജയിലിലാകുന്നത്. ഡ്രൈവർ വിസയിൽ സൗദിയിലെത്തിയ റഹീമിന് സ്പോൺസറുടെ, തലയ്ക്കു താഴെ ചലനശേഷി നഷ്ടപ്പെട്ട മകൻ ഫായിസിനെ പരിചരിക്കലായിരുന്നു പ്രധാന ജോലി. കഴുത്തിൽ ഘടിപ്പിച്ചിരുന്ന പ്രത്യേക ഉപകരണം വഴിയായിരുന്നു ഭക്ഷണവും വെള്ളവുമെല്ലാം നൽകിയിരുന്നത്.

2006 ഡിസംബർ 24ന് ഫായിസിനെ കാറിൽ കൊണ്ടുപോകുന്നതിനിടെ കൈ അബദ്ധത്തിൽ കഴുത്തിൽ ഘടിപ്പിച്ച ഉപകരണത്തിൽ തട്ടുകയായിരുന്നു. ഇതേ തുടർന്നു ബോധരഹിതനായ ഫായിസ് വൈകാതെ മരിക്കുകയും ചെയ്തു. സംഭവത്തിനു പിന്നാലെ സൗദി പൊലീസ് റഹീമിനെ കൊലക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു.

റിയാദ് കോടതി വധശിക്ഷ വിധിക്കുകയും ചെയ്തു. ഇതിനു ശേഷം യുവാവിന്റെ മോചനത്തിനായി ഉന്നതതലത്തിൽ പലതവണ ഇടപെടലുണ്ടായെങ്കിലും കുടുംബം മാപ്പുനൽകാൻ തയാറായിരുന്നില്ല. നിരന്തര പരിശ്രമങ്ങൾക്കൊടുവിലാണ് 34 കോടി രൂപയുടെ ബ്ലഡ് മണി(ദയാധനം) എന്ന ഉപാധിയിൽ ഇപ്പോൾ മാപ്പുനൽകാൻ ഫായിസിന്റെ കുടുംബം സമ്മതിച്ചത്.



ഫുട്ബോൾ ക്യാമ്പിൽ കുട്ടികൾക്ക് നിർദേശം നൽകുന്ന സ്പോർട്സ് കേരള ഫൗണ്ടേഷൻ സി ഓ ഓ യും കായിക അധ്യാപകനുമായ ഡോ. അജയകുമാർ.

# സ്പോർട്സ് കേരള ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന വേനൽക്കാല ക്യാമ്പുകൾക്ക് തുടക്കമായി

തിരുവനന്തപുരം: കുട്ടികളിൽ കായിക അഭിനിവേശം വളർത്തുന്നതിനും അവരുടെ കായിക മാനസിക ശേഷി പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ കേരളത്തിലെ വിവിധ ജില്ലകളിൽ സംഘടിപ്പിക്കുന്ന രണ്ടു മാസം നീണ്ടു നിൽക്കുന്ന വേനൽക്കാല ക്യാമ്പുകൾക്ക് തുടക്കമായി. ടെന്നിസ്, ഷൂട്ടിങ്, നീന്തൽ, ജിംനാസ്റ്റിക്സ്, ടേബിൾ ടെന്നീസ്, കരാട്ടെ, ബാഡ്മിന്റൺ, ബോക്സിങ് , ജൂഡോ തുടങ്ങി പത്തോളം കായിക ഇനങ്ങളിലാണ് പരിശീലനം നടക്കുന്നത്. വേനൽ ചൂട് പരിഗണിച്ചു ഫുട്ബോൾ ഒഴികെയുള്ള കായികയിനങ്ങൾക്ക് ഇൻഡോർ പരിശീലനമാണ് ക്യാമ്പുകളിൽ നൽകി വരുന്നത്.

ഫുട്ബോൾ പ്രത്യേകമായി രാവിലെയും വൈകിട്ടുമായാണ് പരിശീലനം ഒരുക്കിയിട്ടുള്ളത്. ദേശീയ ഗെയിംസ്, ഒളിംപിക്സ് എന്നിവ ലക്ഷ്യം വെച്ച് കൊണ്ട് മികച്ച ഒരു പിടി കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് വേണ്ടിയുള്ള കായിക വകുപ്പിന്റെ ശ്രമങ്ങളുടെ ആദ്യ പടി കൂടിയാണ് സ്പോർട്സ് കേരള സംഘടിപ്പിക്കുന്ന ഈ വേനക്കാല ക്യാമ്പുകൾ.

5 മുതൽ 18 വയസ്സുവരെയുള്ള ആയിരത്തോളം വിദ്യാർത്ഥികളാണ് നിലവിൽ കേരളത്തിലുടനീളം ക്യാമ്പുകളിൽ പങ്കെടുക്കുന്നത്. നീന്തൽ പഠിക്കാനായി 420 പേരും, ബാഡ്മിന്റൺ, ജിംനാസ്റ്റിക് എന്നിവയ്ക്ക് 140 പേരും കുട്ടികളാണ് തിരുവന്തപുരത്തെ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

മെയ് 31 വരെയാണ് ക്യാമ്പുകൾ. താല്പര്യമുള്ള കുട്ടികൾക്ക് ഇനിയും രജിസ്റ്റർ ചെയ്യാൻ കഴിയുന്നതാണ്.

തിരുവനന്തപുരത്തെ വെള്ളയമ്പലം ജിമ്മി ജോർജ് സ്പോട്സ് ഹബ്ബിൽ ജൂഡോ, കുമാരപുരം ടെന്നീസ് അക്കാദമിയിൽ ടെന്നീസ്, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഷൂട്ടിംഗ്, ടേബിൾ ടെന്നീസ്, ജി വി രാജ സ്കൂൾ മൈലം, വി ആർ കൃഷ്ണയ്യർ സ്റ്റേഡിയം തലശ്ശേരി, ഇ എം എസ് സ്റ്റേഡിയം നീലേശ്വരം എന്നിവിടങ്ങളിൽ ഫുട്ബോൾ എന്നിങ്ങനെ കുട്ടികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. പ്രഗത്ഭരായ കൊച്ചുമാരുടെ സേവനവും ഇവിടെ ഉണ്ട്.

കൂടാതെ, സമ്മർ ക്യാമ്പിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്ന പഞ്ച് സെന്ററുകളിൽ ബോക്സിംഗ് പരിശീലനവും ജുഡോക്ക സെന്ററുകളിൽ ജൂഡോയും പരിശീലനം നൽകുന്നുണ്ട്. രജിസ്ട്രേഷനായി വിളിക്കുക: 6282902473.

# മലബാർ മെഡിക്കൽ കോളജിൽ ഹാൻഡ് സർജറി സ്പെഷാലിറ്റി ക്ലിനിക്ക്

കോഴിക്കോട്: 15 വർഷത്തിലധികമായി മലബാറിലെ ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന മലബാർ മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഹാൻഡ് സർജറി സ്പെഷാലിറ്റി ക്ലിനിക്ക് ആരംഭിച്ചു. ഹാൻഡ് സർജറിയിൽ പ്രഗൽഭ നായ പ്ലാസ്റ്റിക് സർജൻ ഡോ. ജിജോ ജോസഫ് നേതൃത്വം നൽകുന്ന ഈ ക്ലിനിക്ക് എല്ലാ വെള്ളിയാഴ്ച്ചകളിലും ഒപിയും 24 മണിക്കൂർ ഓൺകാളിലും ലഭ്യമാവും.



വാർത്താ സമ്മേളനത്തിൽനിന്ന്

പ്ലാസ്റ്റിക് സർജറിയിലെ കൈയ്യുമായി ബന്ധപെട്ട എല്ലാ തരത്തിലുമുള്ള സങ്കീർണമായ ശസ്ത്രക്രിയകൾ ചെയ്യുന്ന സബ് സ്പെഷാലിറ്റി ആണ് ഹാൻഡ്സർജറി. ഇവയിൽ തൊഴി ലിടങ്ങളിലോ, വീടുകളിലോ വാഹനാപകടങ്ങളിലോ കൈകൾക് സംഭവിക്കുന്ന അപകടങ്ങ ൾക്കുള്ള എമർജൻസി ശസ്ത്രക്രിയകളും കൈകളിൽ വരാവുന്ന മുഴകൾ, വേദന, തരിപ്പ്, ബലക്കുറവ് എന്നിവയ്ക്കുള്ള ശസ്ത്രക്രിയകൾ തുടങ്ങി നേരത്തെ തീരുമാനിക്കുന്ന ഓ പറേഷനുകളും ചെയ്യുവാൻ സാധിക്കും.

അതു കൂടാതെ ജൻമനാൽ കൈകളിലുണ്ടാകുന്ന അവസ്ഥകളായ കൈകളിലെ പിളർപ്പ്, കൈകൾ ഒട്ടി ചേർന്നിരിക്കുന്ന അവസ്ഥ, ഇഴപിരിഞ്ഞിരിക്കുന്ന വിരലുകളുടെ ശസ്ത്രക്രിയകളും ചെയ്യുന്നതാണ്.കൈയ്യുമായി ബന്ധപ്പെട്ട് അഡ്വാൻസ്ഡ് മൈക്രോവാസ്കുലാർ സർജറി ഉൾപ്പെടെ സമഗ്ര ചികിത്സ ഉറപ്പുവരുത്തുന്നതോടൊപ്പം രോഗികളുടെ കൈകളുടെ ചലനശേഷി നഷ്ടപ്പെടാതെ പരമാവധി പ്രവർത്തനശേഷി വീണ്ടെടുക്കാൻ എം എം സി സുസജ്ജമാണെന്ന് ഡോ.ജിജോ ജോസഫും ചീഫ് ഓപ്പറേറ്റിങ് ഓഫിസർ എംജി സേതുരാജ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മാർക്കറ്റിങ് മാനേജർ സന്ദീപ് ലാലും സംബന്ധിച്ചു.



# ഇടുക്കിയിൽ വിനോദ സഞ്ചാരികളുടെ ബസ് മറിഞ്ഞു; രണ്ട് പേർ മരിച്ചു

ഇടുക്കി: ഇടുക്കി രാജാക്കാട് കുത്തുങ്കലിൽ വിനോദ സഞ്ചാരികൾ സഞ്ചരിച്ച വാഹനം മറിഞ്ഞ് പത്ത് വയസുകാരി ഉൾപ്പെടെ രണ്ട് പേർ മരിച്ചു. ശിവഗംഗ സ്വദേശി റെജീന(35) ആണ് അപകടത്തിൽ മരിച്ച ഒരാൾ.

തമിഴ്നാട് ശിവഗംഗയിൽ നിന്നുള്ള വിനോദ സഞ്ചാരികൾ സഞ്ചരിച്ച ബസാണ് അപകടത്തിൽപ്പെട്ടത്. അപകടത്തിൽ 16 പേർക്ക് പരിക്കേറ്റു.

രാവിലെ ഒമ്പതോടെയാണ് അപകടം നടന്നത്. അമിത വേഗത്തിലെത്തിയ വാഹനം നിയന്ത്രണം വിട്ട് മറിയുകയായിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു.

പരിക്കേറ്റവരെ സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തെ തുടർന്ന് ഓടിക്കൂടിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

## ഇന്ത്യയുടെ പാരീസ് ഒളിമ്പിക്സ് സംഘത്തിന്റെ നേതൃസ്ഥാനം രാജിവെച്ച് മേരി കോം

ന്യൂഡൽഹി: 2024 പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിന്റെ നേതൃസ്ഥാനം (ഷെഫ് ഡി മിഷൻ) ഒഴിഞ്ഞ് ബോക്സിങ് ഇതിഹാസം എം.സി മേരി കോം. വ്യക്തിപരമായ കാരണങ്ങളെ തുടർന്നാണ് തീരുമാനമെന്നാണ് റിപ്പോർട്ട്.തന്നെ ഷെഫ് ഡി മിഷൻ സ്ഥാനത്തുനിന്ന് മാറ്റണമെന്നാവശ്യപ്പെട്ട് മേരി കോം തനിക്ക് കത്തെഴുതിയതായി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി.ടി ഉഷ വെള്ളിയാഴ്ച അറിയിച്ചു. മേരി കോം സ്ഥാനമൊഴിഞ്ഞതിൽ ദുഃഖമുണ്ടെന്നും അവരുടെ തീരുമാനത്തെയും സ്വകാര്യതയേയും മാനിക്കുന്നതായും ഉഷ പ്രതികരിച്ചു.'രാജ്യത്തെ എല്ലാ വിധത്തിലും സേവിക്കുന്നത് ഒരു ബഹുമതിയായി ഞാൻ കരുതുന്നു, അതിനായി മാനസികമായി തയ്യാറായിരുന്നു. എന്നിരുന്നാലും, അഭിമാനകരമായ ഉത്തരവാദിത്വം ഉയർത്തിപ്പിടിക്കാൻ സാധിക്കാത്തതിൽ താൻ ഖേദിക്കുന്നു. കത്തിൽ വ്യക്തമാക്കി.

# മനസ്സിന്റെ ആരോഗ്യമാണ് പ്രധാനം – ഡോക്ടർ ഇ. നാരായണൻകുട്ടി വാര്യർ

കോഴിക്കോട്: മലബാർ ഡെവലപ്മെന്റ് കൗൺസിലും, തപാൽ വകുപ്പും സംയുക്തമായി എം ഡി സി ഭാരവാഹികളായ സി എ ബ്യൂട്ടി പ്രസാദ്, എം വി കുഞ്ഞാമു, പോസ്റ്റ് ഫോറം അംഗങ്ങളായ ഷെവ.സി ഇ ചാക്കുണ്ണി, അഡ്വ. എം കെ അയ്യപ്പൻ എന്നിവർ സ്പോൺസർ ചെയ്ത വയോജന മന്ദിരം, ആശാഭവൻ എന്നിവിടങ്ങളിലെ മുഴുവൻ അന്തേവാസികൾക്കും വിഷുക്കൈനീട്ടം നൽകി.



വിഷുക്കൈനീട്ടം പദ്ധതി ഉദ്ഘാടനം സിസിആർഐ മെഡിക്കൽ ഡയറക്ടർ ഡോക്ടർ ഇ നാരായണൻകുട്ടി വാര്യർ ഉദ്ഘാടനം ചെയ്യുന്നു

വെള്ളിമാടുകുന്ന് സാമൂഹ്യനീതി വകുപ്പ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എം ഡി സി പ്രസിഡണ്ട് വൈസ് ചെയർമാനുമായ ഷെവലിയാർ സി ഇ ചാക്കുണ്ണി അധ്യക്ഷത വഹിച്ചു. ആശുപത്രിയിലെ തിരക്കിൽ നിന്നും ഈ സത്കർമ്മത്തിൽ പങ്കെടുക്കുന്നതിനു വേണ്ടിയാണ് താൻ ഇവിടെ എത്തിയതെന്നും ഈ കാലഘട്ടത്തിൽ ഇത്തരം മാതൃകാ പ്രവർത്തനങ്ങൾ മറ്റു വ്യക്തികൾക്കും സംഘടനകൾക്കും പ്രചോദനമാകുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യാതിഥി ഡോക്ടർ നാരായണൻകുട്ടി വാര്യർ അഭിപ്രായപ്പെട്ടു.

തപാൽ വകുപ്പ് കേരളത്തിനകത്ത് നടത്തുന്ന വിഷു കൈനീട്ടം പദ്ധതി മലബാർ ഡവലപ്മെന്റ് കൗൺസിലിന്റെ സഹകരണത്തോടെ കോഴിക്കോടാണ് ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞതെന്ന് കോഴിക്കോട് ഡിവിഷൻ സിനിയർ സുപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസസ് വ്രി. ശാരദ പറഞ്ഞു. വയോജന മന്ദിരത്തിലെ അന്തേവാസികൾക്ക് മിഷ് ചെയർമാനും, മാതൃഭൂമി ചെയർമാൻ ആൻഡ് മാനേജിങ് എഡിറ്ററുമായ പി വി ചന്ദ്രനും, ആശഭവനിലെ അന്തവാസികൾക്ക് എം ഡി സി, യു എ ഇ കോഡിനേറ്റർ സി എ ബ്യൂട്ടി പ്രസാദും വിഷു ക്കൈനീട്ടം നൽകി. വയോജന മന്ദിരത്തിലും, ആശാഭവനിലും ചടങ്ങുകളിൽ പങ്കെടുത്ത ജീവനക്കാർക്കും സദസ്യർക്കും മിഷ് ജനറൽ കൺവീനർ പി കെ അഹമ്മദ് സ്പോൺസർ ചെയ്ത പായസവിതരണം വൈസ് ചെയർമാൻ ഡോക്ടർ കെ മൊയ്തു നൽകി.

റവ. ഫാദർ ഫിലിപ്പ് ജോൺ കവിത ആലപിച്ചു. എം ഡി സി ജനറൽ സെക്രട്ടറി അഡ്വ. എം കെ അയ്യപ്പൻ, ഖജാൻജി എം.വി. കുഞ്ഞാമു, വൈസ് പ്രസിഡണ്ട് പ്രൊഫസർ ഫിലിപ്പ് കെ ആന്റണി, സെക്രട്ടറി പി.ഐ അജയൻ, നാഷണൽ എൻജിഒ കോൺഫെഡറേഷൻ ഡയറക്ടർ ബേബി കിഴക്കേഭാഗം, തപാൽ വകുപ്പ് മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് എൻ സത്യൻ, ഡോ. കുഞ്ഞമ്മ തോമസ്സ് എന്നിവർ സംസാരിച്ചു.

അന്തേവാസികൾ പാട്ടുപാടിയും കൈയ്യടിച്ചും സന്തോഷത്തിൽ പങ്കെടുത്തു. ആശാഭവൻ സൂപ്രണ്ട് എം ഐശ്വര്യ സ്വാഗതവും ഓൾഡേജ് ഹോം മാട്രൺ പി.കെ. സജിനി നന്ദിയും രേഖപ്പെടുത്തി.



# അവാർഡ് നൽകി ആദരിച്ചു

കോഴിക്കോട്: കാലിക്കറ്റ് ആർട്സ് റിലീഫ് കമ്മറ്റി നടത്തിയ ജീവ കാരുണ്യ പ്രവർത്തനത്തിൽ ഏറ്റവും മികച്ച സേവനത്തിനുള്ള കർമശ്രേഷ്ട അവാർഡ് ഇവി ഉമ്മർ കോയക്ക് നൽകി ആദരിച്ചു. ചടങ്ങു കെ ഉസ്മാൻ കോയ ഉൽഘാടനം ചെയ്തു. ഇ ലത്തീഫ് മുഖ്യ പ്രഭാഷണം നടത്തി. എം.വി റസാഖ് അഹമ്മദ് ബറാമി, എംവി മുസ്തഫ മംമതിവീട്ടിൽ ബഷീർ, കോശനി അസീസ്, യു അബ്ദുറഹിമാൻ സിപി സുബൈർ, റസാക് ബറാമി, ബിഎം ഹാരിസ് കെവി കരീം, അക്കരപ്പറമ്പത് സകരിയ, പി ജലീൽ, പള്ളിവീട് സലിം സംസാരിച്ചു.

# കവിത



## സഹായം

അവളുടെ കഷ്ടപ്പാട് കണ്ടതിന്റെ
വെളിപാടിൽ, സഹായഹസ്തവുമായ്
അയാൾ അടുക്കളയിൽ കയറിയപ്പോൾ,
പാത്രങ്ങൾ മുതൽ വാഷിംഗ് മെഷിനിലെ
തുണികൾ വരെ അവൾക്ക് പരാതി
എഴുതി കൊടുത്തു.രണ്ട് ദിവസം ഓഫീസിൽ നിന്ന്അവധിയെടുത്ത് അവളാ സഹായത്തിന്റെ
പരാതി തീർത്തു. '

**സരസ്വതി ബിജു**

# കണ്ണങ്കണ്ടിയിൽ വിഷു–പെരുന്നാൾ ഓഫറുകൾ തുടരുന്നു

കോഴിക്കോട് :വിഷു-പെരുന്നാൾ ഓഫറുകൾ തുടരുന്നു. ഈ ഓഫറിൽ 5 വർഷം വാറണ്ടിയോട്കൂടി 1 ടൺ 3 സ്റ്റാർ എസിക്ക് 25,900/, 1.5 ടൺ 3 സ്റ്റാർ ഏസിക്ക് 29,990/, 32 ഇഞ്ച് ഗൂഗിൾ ടിവിക്ക് 2 വർഷം വറണ്ടിയോട്കൂടി 12,990 രൂപയിലും സിങ്കിൾ ഡോർ റഫ്രിജറേറ്റർ 10,990/ രൂപ മുതലും, ഡബിൾ ഡോർ ജാപ്പനീസ് ബ്രാൻഡ് 21,900/,8.5 കെജി സെമി ഓട്ടോമാറ്റിക് വാഷിംഗ് മെഷീൻ 10,990/, 7 കെ ജി ഫുള്ളി ഓട്ടോമാറ്റിക്ക് 14,490/ രൂപ മുതൽ ഉറപ്പായ സമ്മാനങ്ങളോട് കൂടി ലഭ്യമാണ്. മൊബൈൽ ഫോൺ, ലാപ്ടോപ് വാങ്ങുമ്പോൾ ഉറപ്പായ സമ്മാനങ്ങളും ഐ ഫോണിന് 24 മാസ തവണകളായി അടച്ച് തീർക്കാവുന്ന പ്രത്യേക ഇ എം ഐ സ്കീം ലഭ്യമാണ്. ചിമ്മിനി ഹോബുകൾക്ക് 55% വരെ ഡിസ്കൗണ്ടും ഇൻവേർട്ടർ ബാറ്ററികൾക്ക് ഏറ്റവും കുറഞ്ഞ മാസ തവണ 1,741/ രൂപയിൽ സ്വന്തമാക്കാം.

ക്രെഡിറ്റ്, ഡെബിറ്റ് കാർഡ് ഉപഭോക്താക്കൾക്ക് 20,000 രൂപ വരെ ക്യാഷ്ബാക്ക് ലഭിക്കുവാനും, നിലവിൽ കമ്പനി നൽകി വരുന്ന കുറഞ്ഞ വാറണ്ടി 5 വർഷം വരെ എക്സ്റ്റന്റ് ചെയ്യുവാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ഗൃഹോപകരണങ്ങൾക്ക് ലളിതമായ തവണ വ്യവസ്ഥയിൽ പലിശ രഹിത വായ്പാ സൗകര്യവും, എക്സ്ചേഞ്ച് ചെയ്യുന്ന പ്രൊഡക്ടുകൾക്ക് ഇപ്പോൾ മാർക്കറ്റിലെ ഏറ്റവും ഉയർന്ന വില

നേടുവാനുള്ള അസുലഭാവസരവും. വിവിധ ബ്രാന്റുകളുടെ ഏറ്റവും പുതിയ ടെക്നോളജിയിലുള്ള മോഡലുകളുടെ ഡിസ്പ്ലേ നേരിൽ കണ്ട് ഇഷ്ടപ്പെട്ടവ തിരഞ്ഞെടുത്ത് വാങ്ങുന്നതിനുള്ള അവസരവും. കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ബി എൽ ഡി സി, ഫാനുകളുടെ പ്രത്യേക കളക്ഷനും. എയർ കൂളർ, വാട്ടർ പ്യൂരിഫയർ, മിക്സർ ഗ്രൈന്റർ, വാക്വം ക്ലീനർ, ഇൻഡക്ഷൻ കുക്കർ, ക്രോക്കറി ഉത്പന്നങ്ങൾ എന്നിവയ്ക്ക് ഏറ്റവും കുറഞ്ഞ

വിലയും തിരഞ്ഞെടുക്കപ്പെട്ട മോഡലുകൾക്ക് ഉറപ്പായ സമ്മാനങ്ങളും പ്രത്യേകതയാണ്. ഓണം ബമ്പർ സമ്മാനമായ സ്വർണ്ണ കിരീടത്തിന്റെ നറുക്കെടുപ്പ്

ഏപ്രിൽ 30ന്. ഈ ഓഫർ കണ്ണങ്കണ്ടിയുടെ എല്ലാ ഷോറൂമുകളിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 9072277002, 9072277003

# കുടിവെള്ള വിതരണം തെരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെടണം: എസ്ഡിപിഐ


കോഴിക്കോട് : തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടലംഘനം പറഞ്ഞ് കുടിവെള്ള വിതരണം തടസ്സപ്പെടുത്തുന്ന നടപടികൾക്കെതിരെ ഇലക്ഷൻ കമ്മീഷൻ ഇടപെടണമെന്ന് എസ്ഡിപിഐ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.തീരദേശ മേഖലയിൽ അടക്കം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്.

ഈ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന്റെ പേരിൽ കുടിവെള്ളം നിഷേധിക്കപ്പെടുന്നത് ഗൗരവത്തിൽ എടുക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് മുസ്തഫ കൊമ്മേരി അധ്യക്ഷത വഹിച്ചു.

വൈസ് പ്രസിഡന്റ് കെ ജലീൽ സഖാഫി, ജനറൽ സെക്രട്ടറിമാരായ എൻ കെ റഷീദ് ഉമരി, എ പി നാസർ, സെക്രട്ടറിമരായ പി ടി അഹമ്മദ്, കെ ഷെമീർ, റഹ്മത്ത് നെല്ലുളി, ട്രഷറർ ടി കെ അസീസ് മാസ്റ്റർ, ജില്ലാ കമ്മിറ്റി അംഗങ്ങളായ സലീം കരാടി, പി ടി അബ്ദുൽ ഖയ്യും, ടി പി മുഹമ്മദ്, എം അഹമ്മദ് മാസ്റ്റർ, ഫൗസിയ കെ കെ, നാസർ മാസ്റ്റർ പേരോട്, ശറഫുദ്ധീൻ വടകര എന്നിവരും റംഷീന ജലീൽ, ഷബ്ന തച്ചംപൊയിൽ (വിമൻ ഇന്ത്യ മൂവ്മെന്റ് ), എ ടി കെ അഷ്റഫ്, സിദ്ധീഖ് കരുവംപൊയിൽ, റൈഹാനത്ത് മയനാട്, മണ്ഡലം പ്രസിഡന്റ്, സെക്രട്ടറിമാരായ എം എ സലീം, ഷാനവാസ് മാത്തോട്ടം, മുഹമ്മദ് മാസ്റ്റർ (ബേപ്പൂർ), മുഹമ്മദ് ഷിജി, സിദ്ധീഖ് നെല്ലിക്കോട് (സൗത്ത്), റസാഖ് ചാക്കേരി, സഹദ് മയനാട്, സിദ്ധീഖ് മയനാട് (നോർത്ത്), അൻവർ പി കെ , നിസാർ ചെറുവറ്റ, ഉസ്മാൻ ചെറുവറ്റ (എലത്തൂർ), റഷീദ് പി , അശ്റഫ് പെരുമണ്ണ (കുന്ദമംഗലം), അഷ്റഫ് സി ടി, ഷെമീർ സി പി, സലാം ഹാജി (തിരുവമ്പാടി), ടി പി യൂസുഫ് (കൊടുവള്ളി), നവാസ് എം വി, ഹസീബ് പുനൂർ, സഫീർ പാലോളി (ബാലുശ്ശേരി), സകരിയ (കൊയിലാണ്ടി), ഹമീദ് എടവരാട്, കുഞ്ഞമ്മദ് വി, കുഞ്ഞിമൊയ്ദീൻ മാസ്റ്റർ (പേരാമ്പ്ര), സാദിഖ് കെ പി (കുറ്റ്യാടി), ജെ പി അബുബക്കർ, അബ്ദുറഹ്മാൻ തങ്ങൾ, ഖാലിദ് പി (നാദാപുരം), ഷംസീർ ചോമ്പാല, കെ കെ ബഷീർ (വടകര) എന്നിവർ പങ്കെടുത്തു.

# പടക്കവുമായി തീവണ്ടിയിൽ യാത്ര വേണ്ട; പിടിച്ചാൽ മൂന്നു വർഷം വരെ തടവ്

കൊച്ചി: പടക്കവുമായി ട്രെയിനിൽ യാത്ര ചെയ്യുന്നവരെ പിടിക്കാൻ ആർപിഫ്. വിഷു പ്രമാണിച്ച് അയൽ സംസ്ഥാനങ്ങളിൽ നിന്ന് വിലക്കുറവിൽ പടക്കം വാങ്ങി തീവണ്ടിയിൽ എത്തിക്കാനുള്ള സാധ്യത മുന്നിൽ കണ്ടാണ് നിരീക്ഷണം ശക്തമാക്കിയത്. പടക്കവുമായി ട്രെയിനിൽ യാത്ര ചെയ്യുന്നവർക്ക് മൂന്നു വർഷം വരെയാണ് തടവ്. കൂടാതെ പിഴയും കിട്ടും.



ആർപിഎഫ് ക്രൈം ഡിവിഷൻ ആൻഡ് ഡിറ്റക്ഷൻ സ്ക്വാഡാണ് പരിശോധന തുടങ്ങിയത്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനാണ് നടപടി. പാലക്കാട്, മംഗലാപുരം, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ സ്റ്റേഷനുകളെ കേന്ദ്രീകരിച്ചാണ് പ്രവർത്തനം. എസ്ഐയോ എഎസ്ഐയോ നേതൃത്വം നൽകുന്ന നാലംഗ സംഘമാണ് ഓരോ സ്ക്വാഡിലും ഉണ്ടാവുക. 24 മണിക്കൂറും പരിശോധനയുണ്ടാകും.

മഫ്തിയിലാണ് പരിശോധനയ്ക്ക് എത്തുക. പിടിവീണാൽ റെയിൽവേ നിയമം 164, 165 വകുപ്പുകൾ പ്രകാരം കേസെടുക്കും. മൂന്നു വർഷം വരെ തടവോ 1000 രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്ന ശിക്ഷയാണ് ഇത്. കനത്ത ചൂടുള്ള കാലാവസ്ഥയിൽ പടക്കം പൊട്ടിത്തെറിക്കാനും തീവണ്ടിക്ക് തീപിടിക്കാനുമുള്ള സാധ്യതയുള്ളതിനാലാണ് നടപടി കർശനമാക്കുന്നത്.

## കണികണ്ടുണരു

\>>>>>>>>>>>>>>>>

കണിവെള്ളരിയിരുന്നു ചിരിക്കെ
കണിവയ്ക്കാനോട്ടുരുളിയുമുണ്ട്
കൊന്നപ്പൂവങ്ങ് പൂത്തുതിമർത്തും
കണികണ്ടുണരു വിഷുവിൻപുലരി.

അരിയും നെല്ലും കണ്ണുകൾ ചിമ്മി
അരമുറിത്തേങ്ങയിലെണ്ണ പകരെ
അഴകേറിടും ചക്ക മാങ്ങ് കദളിയും
അരികത്തായ് ഗ്രന്ഥവും വയ്ക്കാം.

വസ്ത്രം കാണും സ്വർണ്ണം കാണും
വാൽക്കണ്ണാടിക്കരികെ കൺമഷി
വരദക്ഷിണയുണ്ട് വെറ്റിലപാക്കിൽ
വിടരും ദീപം പകരും നിലവിളക്കിൽ.

വെള്ളോട്ടുകിണ്ടിയിൽ ജലം നിറച്ചും
വെള്ളിച്ചെപ്പിനുള്ളിൽ കുങ്കുമംവച്ചും
വേണുവൂതും പീലികൃഷ്ണനെ വച്ചും
വിഷുക്കണി കാണനീ മേടപ്പുലരിയും.

**കെ. വിജയൻ നായർ**
**മുംബൈ**

# 'അയോധ്യ രാമക്ഷേത്ര അജണ്ടകൾ തെരഞ്ഞെടുപ്പിൽ ജനങ്ങളെ സ്വാധീനിക്കില്ല'; സർവേ

ന്യൂഡൽഹി: ഇന്ത്യയിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നും അയോധ്യയിലെ രാമക്ഷേത്ര അജണ്ടകൾ തെരഞ്ഞെടുപ്പിൽ ജനങ്ങളെ സ്വാധീനിക്കില്ലെന്നും സർവേഫല സൂചനകൾ. ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സി.എസ്.ഡി.എസ് ലോക് നീതി നടത്തിയ പ്രീ-പോൾ സർവേ ഫലമാണിത്. ഇന്ത്യ മതേതരത്വ രാജ്യമായി നിലനിൽക്കണമെന്നാണ് സർവേയിൽ പങ്കെടുത്ത 79 ശതമാനം പേരും പ്രതികരിച്ചത്.19 സംസ്ഥാനങ്ങളിൽ 100 പാർലമെന്ററി നിയോജക മണ്ഡലങ്ങളിലാണ് സർവേ നടന്നത്. വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി, ഇന്ത്യയിലെ വോട്ടർമാരുടെ പ്രധാന ആശങ്കകൾ വിലക്കയറ്റവും തൊഴിലില്ലായ്മയും അഴിമതിയുമാണ് എന്ന് സി.എസ്.ഡി.എസ് സർവേ ഫലം.

ഇന്ത്യയിൽ തൊഴിലില്ലായ്മ ഉണ്ടെന്ന് അഭിപ്രായപ്പെടുന്നത് 62ശതമാനം ആണ്. പണപ്പെരുപ്പം വർധിച്ചുവെന്ന് 26 ശതമാനം അഭിപ്രായപ്പെടുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ അഴിമതിയിൽ വർദ്ധനവ് ഉണ്ടായെന്ന് 55ശതമാനം അഭിപ്രായപ്പെടുന്നു. ജീവിതനിലവാരം വർധിച്ചു എന്ന് 48 ശതമാനം പറയുമ്പോൾ 35% തകർച്ച നേരിട്ടു അഭിപ്രായപ്പെടുന്നു.

രാമക്ഷേത്ര നിർമ്മാണം ഹിന്ദുക്കളുടെ ഏകീകരണത്തിന് സഹായിച്ചു എന്ന് 48ശതമാനം അഭിപ്രായപ്പെടുമ്പോഴും ഇന്ത്യ ഒരു മതേതര രാഷ്ട്രമാണെന്ന് അഭിപ്രായപ്പെടുന്നവരാണ് ഭൂരിപക്ഷം. സർവേയിൽ ഇന്ത്യ ഹിന്ദുക്കൾക്ക് മാത്രമാണോ എന്ന ചോദ്യത്തിന് അല്ല എന്ന് പ്രതികരിച്ചത് 79 ശതമാനമാണ്. അതിൽ ഭൂരിഭാഗവും ഹിന്ദുമത വിശ്വാസികളും. എല്ലാ മതങ്ങളും തുല്യരാണെന്ന അവരുടെ മറുപടി മതേതര ഇന്ത്യക്ക് ശക്തി പകരുന്നുണ്ട്.11 ശതമാനം ഹിന്ദുക്കൾ മാത്രമാണ് ഇന്ത്യ ഹിന്ദുക്കളുടെ രാഷ്ട്രമാണെന്ന് കരുതുന്നത്. 81ശതമാനം യുവാക്കളും മതപരമായ ബഹുസ്വരയിൽ വിശ്വസിക്കുന്നവരാണ്.

സർവേയിൽ പങ്കെടുത്തവരിൽ 83ശതമാനവും ഉന്നത വിദ്യാഭ്യാസം നേടിയവരാണ് എന്നുള്ളത് മതേതരത്വ ആശയങ്ങൾക്ക് പ്രതീക്ഷ വർധിപ്പിക്കുന്നുണ്ട്.

# അനുവദിച്ച സമയത്തിന് ശേഷവും തെരഞ്ഞെടുപ്പ് പ്രചാരണം; അണ്ണാമലൈക്കെതിരെ കേസ്



ചെന്നൈ: രാത്രി പത്തിന് ശേഷം തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയതിന് ബി.ജെ.പി കോയമ്പത്തൂർ ലോക്സഭാ മണ്ഡലം സ്ഥാനാർഥിയും പാർട്ടി സംസ്ഥാന പ്രസിഡന്റുമായ കെ. അണ്ണാമലൈ?ക്കെതിരെ കേസ്. കോയമ്പത്തൂർ പീളമേട് പൊലീസാണ് വെള്ളിയാഴ്ച കേസെടുത്തത്.

രാ?ത്രി പത്തിന് ശേഷം നഗരത്തിലെ ആവരംപാളയത്ത് നടന്ന പ്രചാരണവുമായി ബന്ധപ്പെട്ട് അണ്ണാമലൈ, ബി.ജെ.പി കോയമ്പത്തൂർ പ്രസിഡന്റ് രമേഷ് കുമാർ, ജില്ലാ ട്രഷറർ സെന്തിൽ കുമാർ എന്നിവർക്കെതിരെ കേസെടുത്തതായി പൊലീസ് അറിയിച്ചു.

തെരഞ്ഞെടുപ്പ് സെല്ലിലെ ഉദ്യോഗസ്ഥൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ചട്ടലംഘനത്തിന് കേസെടുത്തത്.

രാത്രി പത്തിന് ശേഷം അണ്ണാമലൈ പ്രചാരണം നടത്തുന്നത് ഇൻഡ്യ മുന്നണി പ്രവർത്തകർ ചോദ്യം ചെയ്യുകയുണ്ടായി. ഇവരെ ബി.ജെ.പി പ്രവർത്തകർ ആക്രമിച്ചതായും പരാതിയുണ്ട്. സംഘർഷത്തിൽ പരിക്കേറ്റ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഏറെ പണിപ്പെട്ടാണ് പൊലീസ് ആളുകളെ നീക്കിയത്. പരിക്കേറ്റ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇൻഡ്യ മുന്നണി പ്രവർത്തകൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്തതായും പൊലീസ് അറിയിച്ചു.

അണ്ണാമലൈ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചുവെന്ന് ഡി.എം.കെ ആരോപിച്ചു. അതേസമയം, ഉച്ചഭാഷിണി ഉപയോഗിക്കാൻ മാത്രമാണ് വിലക്കുള്ളതെന്നും രാത്രി പത്തിന് ശേഷം വോട്ടർമാരെ കാണുന്നതിൽ പ്രശ്നമില്ലെന്നും അണ്ണാമലൈ പറഞ്ഞു.

താനും പ്രവർത്തകരും വ്യാഴാഴ്ച പൊലീസ് അംഗീകരിച്ച വഴിയിലൂടെ മാത്രമാണ് പോയത്. രാത്രി പത്തിന് ശേഷം ഉച്ചഭാഷിണി ഉപയോഗിച്ചിട്ടില്ല. ഡി.എം.കെ പരാജയ ഭീതിയിലാണെന്നും അണ്ണാമലൈ കൂട്ടിച്ചേർത്തു.

# രാമേശ്വരം കഫേ സ്ഫോടനം; സൂത്രധാരനും ബോംബ് വെച്ചയാളും അറസ്റ്റിൽ






ബെംഗളൂരു: കഴിഞ്ഞ മാസം ബെംഗളൂരുവിലെ രാമേശ്വരം കഫേയിലുണ്ടായ സ്ഫോടനത്തിലെ മുഖ്യപ്രതികൾ അറസ്റ്റിൽ.സ്ഫോടനത്തിന്റെ സൂത്രധാരനും കഫേയിൽ ബോംബ് വെച്ചയാളുമാണ് പിടിയിലായത്. മുസാവിർ ഹുസൈൻ ഷെസെബ്, അബ്ദുൾ മത്തീൻ താഹ എന്നിവരെ ബംഗാളിലെ ഈസ്റ്റ് മിഡ്നാപൂർ ജില്ലയിലെ കാന്തിയിൽ നിന്നാണ് അറസ്റ്റ് ചെയ്തെന്ന് ദേശീയ അന്വേഷണ ഏജൻസി അറിയിച്ചു.ബംഗാൾ, കർണാടക, തെലങ്കാന, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള കേന്ദ്ര ഏജൻസികളും പൊലീസും സംയുക്തമായി നടത്തിയ ഓപ്പറേഷനിലാണ് മുഖ്യപ്രതികൾ അറസ്റ്റിലായത്.ഇരുവരെയും അഞ്ചുദിവസത്തേക്ക് എൻഐഎയുടെ കസ്റ്റഡിയിൽ വിട്ടു. കഫേയിൽ ബോംബ് സ്ഥാപിച്ച് ഷെസെബാണെന്നും താഹയാണ് സ്ഫോടനം ആസൂത്രണം ചെയ്തതെന്നുമാണ് പൊലീസ് പറയുന്നു. താഹക്കെതിരെ നേരത്തെ ലുക്ക് ഔട്ട് നോട്ടീസ് ഇറക്കുകയും കണ്ടെത്താൻ സഹായിക്കുന്നവർക്ക് പത്ത് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. കേസിൽ നേരത്തെ ഒരാൾ അറസ്റ്റിലായിരുന്നു. മുസമ്മിൽ ഷെരീഫ് എന്നയാളെയാണ് നേരത്തെ കസ്റ്റഡിയിലെടുത്തത്.

മാർച്ച് ഒന്നിന് ബെംഗളൂരുവിലെ രാമേശ്വരം കഫേയിലുണ്ടായ സ്ഫോടനത്തിൽ ജീവനക്കാരടക്കം 10 പേർക്ക് പരിക്കേറ്റിരുന്നു. സ്ഫോടകവസ്തുക്കൾ അടങ്ങിയ ബാഗ് കഫേയിൽ വെച്ച് മടങ്ങുന്ന സി.സി.ടി.വി ദൃശ്യങ്ങളും ഫോട്ടോയും നേരത്തെ എൻ.ഐ.എ പുറത്ത് വിട്ടിരുന്നു.

# രാജസ്ഥാനിൽ കോൺഗ്രസിന് തിരിച്ചടി: 400 പ്രവർത്തകർ പാർട്ടി വിട്ടു



ജയ്പൂർ: രാജസ്ഥാനിൽ കോൺഗ്രസിന് വൻ തിരിച്ചടി. വെള്ളിയാഴ്ച 400 ഓളം പാർട്ടി പ്രവർത്തകർ പ്രാഥമിക അംഗത്വം രാജിവച്ചു.നാഗൗർ ലോക്സഭാ സീറ്റിൽ കോൺഗ്രസ് രാഷ്ട്രീയ ലോക്താന്ത്രിക് പാർട്ടിയുമായി (ആർഎൽപി) സഖ്യമുണ്ടാക്കുകയും അത് ആർഎൽപിക്ക് വേണ്ടി ഒഴിയുകയും ചെയ്തിരുന്നു.

നാഗൗർ എംപിയും ആർഎൽപി അധ്യക്ഷനുമായ ഹനുമാൻ ബേനിവാളാണ് ഇവിടുത്തെ ഇൻഡ്യാ മുന്നണി സ്ഥാനാർഥി. അതേസമയം, ബെനിവാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നാഗൗറിലെ ബി.ജെ.പി സ്ഥാനാർഥി ജ്യോതി മിർധയ്ക്ക് അനുകൂലമായി പ്രചാരണം നടത്തിയെന്നാരോപിച്ച് മൂന്ന് കോൺഗ്രസ് പ്രവർത്തകരെ തിങ്കളാഴ്ച ആറ് വർഷത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു.മുൻ എംഎൽഎ ഭരറാം, കുച്ചേര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ തേജ്പാൽ മിർധ, സുഖറാം ദോദ്വാഡിയ എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.നേതാക്കളുടെ സസ്പെൻഷൻ പാർട്ടിപ്രവർത്തകർക്കിടയിൽ അസ്വാരസ്യത്തിന് ഇടയാക്കി. സസ്ഫപെൻഷനിൽ പ്രതിഷേധിച്ച് മൂന്ന് കോൺഗ്രസ് നേതാക്കളും പാർട്ടി അംഗത്വത്തിൽ നിന്ന് രാജിവെച്ചു.

'നിയമസഭാ തെരഞ്ഞെടുപ്പിൽ നാഗൗറിൽ കോൺഗ്രസ് ശക്തമായ നിലയിലായിരുന്നു. എട്ടിൽ നാല് സീറ്റും നേടി. ലോക്സഭാ തെരഞ്ഞെടുപ്പിൽ പോലും അതിന്റെ നില ഒരുപോലെ ശക്തമായിരുന്നു. എന്നിട്ടും എന്തിനാണ് ആർഎൽപിയുമായി സഖ്യമുണ്ടാക്കിയത്.

നാഗൗറിൽ കോൺഗ്രസിനെ തകർക്കാൻ ശ്രമിക്കുന്ന ഉപകരണമാണ് ഹനുമാൻ ബേനിവാൾ. ഇത്തരമൊരു വ്യക്തിയുമായി സഖ്യമുണ്ടാക്കിയത് കോൺഗ്രസ് പ്രവർത്തകരെ വല്ലാതെ ഞെട്ടിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ എല്ലാവരും കൂട്ടരാജി കത്ത് നൽകുന്നത്" തേജ്പാൽ മിർധ പറഞ്ഞു.

"പ്രാദേശിക കോൺഗ്രസ് സംസ്ഥാന ഘടകത്തിന്റെ സമ്മതമില്ലാതെയാണ് കോൺഗ്രസ് ഹൈക്കമാൻഡ് ആർഎൽപിയുമായി സഖ്യമുണ്ടാക്കിയത്. ഈ സഖ്യം ഞങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ജില്ലയിലാകെ കോൺഗ്രസിനെ പരാജയപ്പെടുത്താൻ ആർഎൽപി പ്രവർത്തിച്ചു. ഞങ്ങൾ ഒരിക്കലും ബിജെപിയുമായി വേദി പങ്കിട്ടില്ല. എന്നിട്ടും ബെനിവാൾ പുറത്താക്കി. ഞങ്ങളെ പാർട്ടിയിൽ നിന്ന്, യാതൊരു വിവരവും കാണിക്കാതെ, നേരിട്ട് തുഗ്ലക്ക് ഉത്തരവിറക്കി, ഞങ്ങളെ പുറത്താക്കി, "അദ്ദേഹം കൂട്ടിച്ചേർത്തു.

എന്നാൽ ഇത് കുപ്രചരണമാത്രമാണെന്നും ആൾക്കൂട്ടത്തിലുള്ളവർ എപ്പോഴും കോൺഗ്രസ് അംഗങ്ങളല്ലെന്നും കോൺഗ്രസ് പ്രവർത്തകനായ വരുൺ പുരോഹിത് പറഞ്ഞു.

## പാക്കറ്റ് ഇളനീർവെള്ളം കുടിച്ച് 15 പേർ ആശുപത്രിയിൽ; ഫാക്ടറി പൂട്ടി അധികൃതർ

മംഗളൂരു: കർണാടകയിലെ മംഗളൂരുവിൽ പാക്കറ്റ് ഇളനീർ വെള്ളം കുടിച്ച 15 പേർ ആശുപത്രിയിൽ. സ്ത്രീകളും കുട്ടികളുമുൾപ്പടെയുള്ളവർക്ക് ഛർദിയും വയറിളക്കവും അനുഭവപ്പെട്ടതിനെത്തുടർന്നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പ്രാദേശിക ക്ലിനിക്കുകളിൽ പ്രവേശിപ്പിച്ച ഇവരെ ആരോഗ്യസ്ഥിതി മോശമായതിനെത്തുടർന്ന് മറ്റ് ആശുപത്രികളിലേക്ക് മാറ്റി.

പരാതിയെതുടർന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഇളനീർവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്കായി അയച്ചിട്ടുണ്ട്. അഡയാറിലെ ഫാക്ടറിൽ നിന്നാണ് ഇവർ ഇളനീർവെള്ളം വാങ്ങിയത്. ലിറ്ററിന് 40 രൂപ നിരക്കിലാണ് ഇത് വാങ്ങിയതെന്നും ആളുകൾ പറയുന്നു. ഉദ്യോഗസ്ഥർ ഫാക്ടറി പൂട്ടുകയും വൃത്തിയാക്കാൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

രണ്ട് സ്ത്രീകളും ഒരു കുട്ടിയുമുൾപ്പെടെ മൂന്ന് പേർ സ്വകാര്യ ആശുപത്രിയിൽ നിരീക്ഷണത്തിൽ തുടരുകയാണ്. ബാക്കിയുള്ളവരുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. വേനൽക്കാലമായതിനാൽ കൂൾഡ്രിങ്ക്സ് വിൽപ്പന തകൃതിയായി നടക്കുകയാണ്. മറ്റ് പ്രശ്നങ്ങളൊന്നുമുണ്ടാകില്ലെന്ന വിശ്വാസം കൊണ്ടാണ് കൂടുതൽ പേരും ഇളനീർ വെള്ളം വാങ്ങിക്കുടിക്കുന്നതെന്ന് ഉദ്യോഗസ്ഥർ പറയുന്നു.



**അക്ബർ ഹോളിഡെയിസ്, അക്ബർ സ്റ്റഡി എബ്രോഡ് എന്നിവയുടെ പുതിയ ഓഫീസ് വൈ. എം.സി.എ ക്രോസ് റോഡിൽ മറീന റസിഡൻസിക്ക് സമീപം സിനിമാ താരം സുധീർ കരമന ഉദ്ഘാടനം ചെയ്യുന്നു**

## അക്ബർ ഹോളിഡെയിസ് – അക്ബർ സ്റ്റഡി എബ്രോഡ് പുതിയ ഓഫിസ് പ്രവർത്തനം ആരംഭിച്ചു

കോഴിക്കോട് : പ്രമുഖ ട്രാവൽ കമ്പനിയായ അക്ബർ ട്രാവൽസിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്ബർ ഹോളിഡെയിസ്, അക്ബർ സ്റ്റഡി എബ്രോഡ് എന്നിവയുടെ പുതിയ ഓഫിസ് വൈ എം സി എ ക്രോസ് റോഡിൽ മറീന റസിഡൻസിക്ക് സമീപം പ്രവർത്തനം ആരംഭിച്ചു. സിനിമാ താരം സുധീർ കരമന ഉദ്ഘാടനം ചെയ്തു. അക്ബർ ഹോളിഡെയിസ് സി ഇ ഒ ബേനസീർ നാസർ , അക്ബർ ട്രാവൽസ് ഡോട്ട് കോം സി ഇ ഒ നിഖിൽ കൃഷ്ണൻ, അക്ബർ സ്റ്റഡി എബ്രോഡ് ബ്രാഞ്ച് ഹെഡ് നീനു നിഖിൽ , അക്ബർ ഹോളി ഡെയ്സ് ബ്രാഞ്ച് മാനേജർ രജീന രജിത്ത് , അക്ബർ ഹോളിഡെയിസ് വൈസ് പ്രസിഡന്റ് ജയൻ ജോസഫ് , അക്ബർ ഓൺ ലൈൻ കേരള റീജ്യണൽ മാനേജർ പി കെ ലാൽ എന്നിവർ സംസാരിച്ചു.

ദേശീയ -അന്തർദേശീയ ടൂർ പാക്കേജുകൾ അക്ബർ ഹോളി ഡെയ്സും , അക്ബർ സ്റ്റഡി എബ്രോഡ് രണ്ടായിരത്തോളം

വിദേശ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച പഠനം ഏകീകരിക്കുകയാണ് ചെയ്യുന്നതെന്ന് അക്ബർ ഹോളി ഡെയിസ് സി ഇ ഒ ബേനസീർ നാസർ തുടർന്ന് നടത്തിയ പത്ര സമ്മേളനത്തിൽ പറഞ്ഞു.

# ഹനിയ്യയുടെ മക്കളുടെ കൊലപാതകം ഹമാസിന്റെ ജനപ്രീതി വർധിപ്പിക്കുമെന്ന് ഇസ്രായേലി മാധ്യമങ്ങൾ

ഹമാസ് തലവൻ ഇസ്മാഈൽ ഹനിയ്യയുടെ മക്കളെയും പേരക്കുട്ടികളെയും ഇസ്രായേൽ സൈന്യം കൊലപ്പെടുത്തിയത് ഹമാസിന്റെയും അതിന്റെ നേതൃത്വത്തിന്റെയും ജനപ്രീതി വർധിപ്പിക്കാൻ കാരണമാകുമെന്ന് ഇസ്രായേലി പത്രമായ ഹാരെറ്റ്സ്. കൊലപാതകം ഹമാസിനെ ദുർബലപ്പെടുത്തുകയോ വെടിനിർത്തൽ ചർച്ചകളിലെ നിലപാടുകളിൽ മാറ്റം വരുത്തുകയോ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്ന് കഴിഞ്ഞദിവസം ഇസ്രായേൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

പുതിയ സംഭവം ഗസ്സയിലുള്ള ഇസ്രായേലി ബന്ദികളെ മോചിപ്പിക്കാനുള്ള സമ്മർദ്ദത്തിന് വഴിയൊരുക്കില്ലെന്നും ഹമാസ് അവരുടെ നിലപാടിൽ പിന്നോട്ടുപോകില്ലെന്നും ഹാരെറ്റ്സിന്റെ എഡിറ്റോറിയലിൽ വ്യക്തമാക്കി. ഫലസ്തീനികൾ ഈ കൊലപാതകത്തെ ഹമാസിനെ അസ്ഥിരപ്പെടുത്താനുള്ള സൈനിക നടപടി എന്ന നിലയിലല്ല കാണുന്നത്. പകരം ഇതൊരു പ്രതികാര നടപടിയായിട്ടാണ് അവർ വിലയിരുത്തുന്നത്.കൊലപാതകം ഫലസ്തീനിൽ ഹമാസിന്റെ ജനപ്രീതി വർധിപ്പിക്കും. കൂടാതെ സംഘടനയിൽ ഹനിയ്യയുടെ സ്ഥാനം ശക്തിപ്പെടുത്തുകയും ചെയ്യും. ഫലസ്തീൻ പൊതുസമൂഹത്തിൽ നിന്ന് അദ്ദേഹത്തിന് അനുകമ്പയും കൂടുതൽ ജനപിന്തുണയും ലഭിക്കുകയാണ്.

മക്കളുടെ മരണവാർത്തയോടുള്ള ഹനിയ്യയുടെ പ്രതികരണം എഡിറ്റോറിയലിൽ എടുത്തുപറയുന്നുണ്ട്. തന്റെ മക്കൾ ഫലസ്തീൻ ജനതയുടെ ഭാഗമാണെന്നും ഹമാസ് ഒരു ജനകീയ പ്രസ്ഥാനമാണെന്നും തന്റെ മക്കളുടെയും ഫലസ്തീൻ ജനതയുടെയും വിധി ഒരുപോലെയാണെന്നുമാണ് ഹനിയ്യ പറഞ്ഞത്.ഇസ്രായേൽ സർക്കാറിലെ സുരക്ഷ സൈനിക ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും തമ്മിലെ അഭിപ്രായ വ്യത്യാസങ്ങളും ഹാരെറ്റ്സ് ചൂണ്ടിക്കാട്ടി. ദക്ഷിണ മേഖലാ കമാൻഡറെയും ചീഫ് ഓഫ് സ്റ്റാഫിനെയും ഈ ഓപ്പറേഷൻ മുൻകൂട്ടി അറിയിച്ചില്ല എന്നാണ് വിവരം. ഇത് സൈന്യത്തിലുള്ള വിശ്വാസ്യതയുടെ തോത് ഗണ്യമായി കുറക്കും.

ഈ ഓപ്പറേഷനെ കുറിച്ച് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനും അറിവില്ലായിരുന്നു എന്നാണ് വിവരം. ഇത് അദ്ദേഹത്തിന്റെ മറ്റൊരു പരാജയത്തിന്റെ ഉദാഹരണമാണെന്നും എഡിറ്റോറിയലിൽ വ്യക്തമാക്കി.

ഹമാസിനെതിരായ യുദ്ധത്തിൽ നമ്മൾ തോറ്റതായാണ് ഓരോ ഇസ്രായേലി പൗരനും ചിന്തിക്കുന്നതെന്ന് ഹാരെറ്റ്സിൽ വന്ന മറ്റൊരു ലേഖനത്തിൽ പറയുന്നു. വ്യക്തവും മൂർച്ചയുള്ളതുമായ ഒരു യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. അത് മനസ്സിലാക്കാനും ഭാവിയിലേക്ക് അതിൽ നിന്ന് നിഗമനങ്ങളിൽ എത്തിച്ചേരാനും കഴിയണം.പക്ഷേ, തോറ്റുപോയി എന്ന് പറയാൻ കഴിയാത്തതിനാൽ നമ്മൾ കള്ളം പറയുകയാണ്. ഒക്ടോബർ ഏഴിന് ശേഷം ഇസ്രായേലി പൗരൻമാർ ചരിത്രത്തിലെ ഏറ്റവും മോശം നേതൃത്വത്തിന്റെ തടവുകാരായി മാറിയിരിക്കുന്നു. നമുക്ക് സുരക്ഷിതമായി വടക്കൻ അതിർത്തിയിലേക്ക് മടങ്ങാൻ കഴിയുമെന്ന് ഇനി ഉറപ്പില്ല. ലെബനാനിലെ ഹിസ്ബുള്ള കാര്യങ്ങൾ അവർക്ക് അനുകൂലമായി മാറ്റി.ഇറാന്റെ ഭീഷണിയും നമ്മെ വിറപ്പിക്കുന്നു. അന്താരാഷ്ട്ര ബന്ധങ്ങൾക്ക് വലിയ ഉലച്ചിൽ സംഭവിച്ചു. ഇസ്രായേൽ നേതൃത്വത്തിന്റെ ബലഹീനത തുറന്നുകാണിക്കപ്പെട്ടു. ബുദ്ധിമാൻമാരായ ജനതയും അതിശക്തമായ സൈന്യവുമാണെന്നായിരുന്നു നമ്മൾ അഭിമാനിച്ചിരുന്നത്. അതൊരു മിഥ്യാധാരണയായാണെന്ന് ലോകത്തിന് മനസ്സിലായെന്നും ഒരു വ്യോമസേനയുള്ള ചെറിയ ജൂത ഗ്രാമം മാത്രമായി ഇസ്രായേൽ മാറിയെന്നും ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു.

## തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ജിഎസ്ടിയെ കുറിച്ച് ചോദിച്ചു; യുവതിയെ അക്രമിച്ച് ബിജെപി പ്രവർത്തകർ

തിരുപ്പൂർ: തിരുപ്പൂരിലെ ആത്തുപാളയത്ത് ജിഎസ്ടിയെ ചോദ്യം ചെയ്ത യുവതിക്ക് നേരെ ബിജെപി പ്രവർത്തകരുടെ ആക്രമണം. തിരുപ്പൂർ ലോക്സഭാ മണ്ഡലം ബിജെപി സ്ഥാനാർഥി എ.പി മുരുകാനന്ദത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയാണ് സംഭവം. ദ്രാവിഡർ വിടുതലൈ കഴകം പ്രവർത്തകയായ സംഗീതക്ക് നേരെയാണ് ബിജെപി നേതാക്കൾ അസഭ്യവർഷവും കയ്യേറ്റവും നടത്തിയത്. പ്രചാരണത്തിനായി എത്തിയ അണികളോട് ജിഎസ്ടിയെ വിമർശിച്ച് യുവതി സംസാരിക്കുകയായിരുന്നു. പിന്നാലെ പ്രചാരണം തടസപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് ആരോപിക്കുകയും ബിജെപി പ്രവർത്തകർ യുവതിയെ തെറിവിളിക്കുകയും കൈയ്യേറ്റം ചെയ്യുകയുമായിരുന്നു.

ഇതിന്റെ വിഡിയോ സാമൂഹമാധ്യമത്തിൽ വ്യാപകമായി പ്രചരിക്കുകയും ചെയ്തു. ജിഎസ്ടി നടപ്പാക്കലിനെ കുറിച്ച് ജനങ്ങൾ പലപ്പോഴായി ചോദ്യമുന്നയിച്ചതാണെന്നും അവശ്യസാധനങ്ങളായ അരിയ്ക്കും ഗ്യാസിനുമടക്കം ജിഎസ്ടി ചുമത്തിയത് എന്തിനാണെന്ന് യുവതി ബിജെപി പ്രവർത്തകരോട് ചോദിച്ചു. സ്ത്രീകളുടെ ജീവിത നിലവാരവും അവകാശങ്ങളും സംസാരിക്കുന്ന മോദി എന്തിനാണ് അടിസ്ഥാന ആവശ്യമായ സാനിറ്ററി നാപ്കിനുകൾക്ക് ജിഎസ്ടി ചുമത്തുന്നതെന്നും ചോദിച്ചു.

# ഫേസ്ബുക്ക് വഴി ജോലി വാഗ്ദാനം ചെയ്ത് 80 ലക്ഷം രൂപ തട്ടിയ സംഭവം: ദമ്പതികളിൽ ഒരാൾ പിടിയിൽ






തിരുവനന്തപുരം: ഫേസ്ബുക്ക് വഴി ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ ദമ്പതികളിൽ ഒരാൾ പിടിയിൽ. അമ്പതോളം പേരിൽ നിന്ന് ഇവർ തട്ടിയത് 80 ലക്ഷം രൂപയെന്ന് പൊലീസ് പറയുന്നു.

ആൻഡ്രോയ്ഡ് ഡെവലപ്പർ, സോഷ്യൽ മീഡിയ മാനേജർ, ഗ്രാഫിക് ഡിസൈനർ തുടങ്ങിയ ഒഴിവുകളിലേക്ക് വമ്പൻ ശമ്പളത്തിൽ ജോലി വാഗ്ദാനം ചെയ്തത്. ജോലിസ്ഥലമാവട്ടെ ദുബായും ഷാർജയും. ജോലിയന്വേഷിച്ചെത്തി ഭാര്യയുടെയും ഭർത്താവിന്റെയും കെണിയിൽ വീണത് അമ്പതോളം പേർ. നഷ്ടപ്പെട്ടതാവട്ടെ, 80 ലക്ഷത്തോളം രൂപയും.ആദ്യം തിരുവനന്തപുരം വെള്ളയമ്പലത്ത് മിനാക്കിൾ എന്ന കൺസൾട്ടൻസി സ്ഥാപനം തുടങ്ങിയായിരുന്നു തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി പി.ശങ്കറും ഭാര്യ ആർ. കൃഷ്ണയും ഈ രംഗത്ത് വിശ്വാസ്യതയുണ്ടാക്കിയത്. അടുത്ത ഘട്ടം ഫേസ്ബുക്കിലൂടെ ജോലി വാഗ്ദാനം. തുടർന്ന് കൺസൾട്ടൻസി സ്ഥാപനമായ മിനാക്കിൾ വഴി, കൃഷ്ണയുടെ പേരിലുള്ള അൽ മാഷപ്സ് ഡിജിറ്റൽ മീഡിയ എന്ന കമ്പനിയിലേക്ക് റിക്രൂട്ട്മെന്റ്. തുടർന്ന് ആദ്യഘട്ടം ഗൂഗിൾ മീറ്റ് വഴി അഭിമുഖം നടക്കുന്നു.

രണ്ടാം ഘട്ടം, അഭിരുചി പരീക്ഷ. പക്ഷേ, ഓഫർ ലെറ്റർ നൽകണമെങ്കിൽ ആദ്യം മറ്റൊരു കാര്യം ചെയ്യണം. ഓരോ അപേക്ഷകർക്കായി നിശ്ചയിച്ചിരിക്കുന്ന സർവീസ് ചാർജ് ശങ്കറിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അയക്കണമത്രെ. ഈ നിബന്ധന അംഗീകരിച്ചത് അമ്പതോളം പേരാണ്. തിരുവനന്തപുരം കഴക്കൂട്ടം പൊലീസ് ശങ്കറെ ഒന്നാം പ്രതിയാക്കിയും കൃഷ്ണയെ രണ്ടാം പ്രതിയാക്കിയും കേസെടുത്തു. തുടർന്ന് ശങ്കറെ പൊലീസ് അറസ്റ്റ് ചെയ്തു. എന്നാൽ ദിവസങ്ങൾ കഴിഞ്ഞിട്ടും കൃഷ്ണ എവിടെയെന്ന് കണ്ടെത്താൻ പൊലീസിനായിട്ടില്ല.

THREE STAR ENTERPRISES
Manpower Consultants
(approved by govt.of india)
southern trade tower
francis road junction, calicut- 673 002, kerala, india
91 495 23058014, 2302234, 2300655, 4855349
Branch
55/2869 First floor, bodhi buliding, MG Road,Ravipuram
cochin- 682015, ph: 0484 2359197, 2359084
ABDUL AZEEZ KADENGAL
proprietor: 9349119197

# സഞ്ജുവിന്റെ രാജസ്ഥാൻ ഇന്ന് പഞ്ചാബിന് എതിരെ, വിജയത്തിലേക്ക് തിരിച്ചുവരണം

സഞ്ജു നയിക്കുന്ന രാജസ്ഥാൻ റോയൽസ് ഇന്ന് ആറാം മത്സരത്തിന് ഇറങ്ങും. ഇന്ന് പഞ്ചാബ് കിംഗ്സ് ആണ് രാജസ്ഥാന്റെ എതിരാളികൾ. അവസാന മത്സരത്തിൽ പരാജയപ്പെട്ട രാജസ്ഥാൻ റോയൽസ് ഇന്ന് വിജയ വഴിയിലേക്ക് തിരികെ വരാൻ ആകും ശ്രമിക്കുക. കഴിഞ്ഞ മത്സരത്തിൽ ബൗളിംഗ് പിഴവുകൾ ആയിരുന്നു രാജസ്ഥാന് തിരിച്ചടിയായത്.

ബർഗറും സന്ദീപും ഇന്ന് രാജസ്ഥാൻ ടീമിൽ തിരികെയെത്തും എന്ന് പ്രതീക്ഷിക്കുന്നു. യശസ്വി ജയ്സ്വാൾ ഫോമിൽ എത്താത്തതിന്റെ ആശങ്ക രാജസ്ഥാന് ഉണ്ട്. ജയ്സ്വാൾ ഫോമിൽ എത്തിയാൽ മാത്രമെ വലിയ സ്കോർ ഉയർത്താൻ രാജസ്ഥാന് ആകൂ. സഞ്ജു സാംസണും പരാഗും മാത്രമാണ് ഇതുവരെ രാജസ്ഥാൻ ബാറ്റർമാരിൽ സ്ഥിരതയാർന്ന കളി കാഴ്ചവെക്കുന്നത്.

എട്ടു പോയിന്റുമായി രാജസ്ഥാൻ തന്നെയാണ് ഇപ്പോഴും ലീഗിൽ ഒന്നാമത് ഉള്ളത്. അവർ കളിച്ച 5 മത്സരങ്ങളിൽ നാലു ജയിച്ചു. പഞ്ചാബ് കളിച്ച അഞ്ചിൽ ആകെ 2 മത്സരങ്ങൾ മാത്രമെ ജയിച്ചിട്ടുള്ളൂ. രാത്രി 7.30ന് നടക്കുന്ന മത്സരം തത്സമയം ജിയോ സിനിമയിൽ കാണാം.

## ലൂണയും ദിമിയും പ്ലേ ഓഫ് കളിക്കുമോ എന്നത് ഇപ്പോഴും സംശയമാണെന്ന് ഇവാൻ

ലൂണയും ദിമിയും പ്ലേ ഓഫിൽ കളിക്കുന്നത് ഇപ്പോഴും സംശയമാണ് എന്ന് കേരള ബ്ലാസ്റ്റേഴ്സ് പരിശീലകൻ ഇവാൻ വുകമാനോവിച്. ഇന്ന് ഹൈദരാബാദ് എഫ്സിക്ക് എതിരായ മത്സര ശേഷം സംസാരിക്കുകയായിരുന്നു ഇവാൻ. ലൂണയും ദിമിയും പ്ലേ ഓഫിന് ഉണ്ടാകുമോ എന്നത് ഇപ്പോഴും ചോദ്യ ചിഹ്നമാണെന്ന് ഇവാൻ വുകമാനോവിച് പറഞ്ഞു.ലൂണയെ ഇന്ന് കളിപ്പിക്കണം എന്നായിരുന്നു പദ്ധതി. എന്നാൽ ലൂണയ്ക്ക് ഒരു മഞ്ഞ കാർഡ് കൂടെ കിട്ടിയാൽ വിലക്ക് കിട്ടാൻ സാധ്യത ഉണ്ടായിരുന്നു. ഇത് കണക്കിലെടുത്ത് ആണ് ഒരു റിസ്ക് എടുക്കാതിരുന്നത്. മാത്രമല്ല ലൂണ ദീർഘകാലമായി കളിച്ചിട്ടില്ല. അതുകൊണ്ട് കരുതലോടെ മാത്രമെ സമീപിക്കാൻ പറ്റൂ. ഇവാൻ പറഞ്ഞു.ലൂണ ടീമിനൊപ്പം പരിശീലനം ആരംഭിച്ചിട്ടുണ്ട്. ദിമി അടുത്ത ദിവസങ്ങളിൽ പരിശീലനം ആരംഭിക്കും. ഇവാൻ പറഞ്ഞു. ഏപ്രിൽ 19ന് ഒഡീഷയെ ആണ് കേരള ബ്ലാസ്റ്റേഴ്സ് പ്ലേ ഓഫിൽ നേരിടേണ്ടത്

# ഇന്ത്യ വിട്ട് കാനഡക്കായി ക്രിക്കറ്റ് കളിക്കാൻ ആഗ്രഹിച്ചിരുന്നു: വെളിപ്പെടുത്തലുമായി ഇന്ത്യൻ താരം

ക്രിക്കറ്റിൽ ഒരുകാലത്ത് മികച്ച അവസരങ്ങൾ ലഭിക്കാനായി കാനഡയിലേക്ക് പോകണമെന്ന് തീരുമാനിച്ചിരുന്നെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ് ഇന്ത്യൻ സ്റ്റാർ പേസർ ജസ്പ്രീത് ബുംറ. ബുംറയുടെ ഭാര്യ സഞ്ജനയുമായുള്ള ജിയോ സിനിമയിലെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു ബുംറ.

'ഞങ്ങൾ ഈ വിഷയം മുമ്പ് ചർച്ച ചെയ്തിട്ടുള്ളതാണ്. എല്ലാവരെയും പോലെ തന്നെ ഇന്ത്യയുടെ ഒരു മികച്ച ക്രിക്കറ്റ് താരമാവാൻ ഞാൻ സ്വപ്നം കണ്ടു. എന്നാലും എന്റെ മുന്നിൽ സാധ്യതകൾ വളരെ കുറവായിരുന്നു. ഈ സാഹചര്യത്തിൽ മറ്റൊരു ബാക്കപ്പ് പ്ലാൻ ആവശ്യമായിരുന്നു.

അങ്ങനെ ഞാൻ എന്റെ വിദ്യാഭ്യാസം പൂർത്തിയാക്കി അതിനുശേഷം ഞങ്ങൾ കുടുംബമായി കൂടിയേറുന്നതിനെ കുറിച്ചാണ് ആലോചിച്ചത്. എന്നാൽ വിദേശത്തുള്ള സംസ്കാരം അമ്മക്ക് മടിയായിരുന്നു. എന്നാൽ ഭാഗ്യം കൊണ്ട് ഇവിടെ എല്ലാ കാര്യങ്ങളും അനുയോജ്യമായി.

ഇല്ലെങ്കിൽ ഞാൻ കാനഡയ്ക്ക് വേണ്ടി അന്താരാഷ്ട്ര ക്രിക്കറ്റ് കളിക്കാൻ പോകുമായിരുന്നു. ഇന്ത്യക്കായും മുംബൈ ഇന്ത്യൻസിനായും കളിക്കാൻ സാധിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്.

സ്ഥിരതയോടു കൂടി പ്രയത്നിച്ചാൽ ജീവിതത്തിൽ എന്ത് ലക്ഷ്യങ്ങളും നേടിയെടുക്കാൻ ഒരാൾക്ക് സാധിക്കും,' ബുംറ പറഞ്ഞു.

2013ലാണ് മുംബൈ ഇന്ത്യൻസിന് വേണ്ടി ബുംറ അരങ്ങേറ്റം കുറിക്കുന്നത്. അന്ന് തുടങ്ങിയ ബുംറയുടെ ക്രിക്കറ്റ് ജൈത്രയാത്ര ഇന്ന് ഇന്ത്യയുടെ എക്കാലത്തെയും മികച്ച ഇന്ത്യൻ പേസർ ആയിട്ടാണ് നിൽക്കുന്നത്. ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മൂന്ന് ഫോർമാറ്റിലും ഒഴിച്ചുകൂടാൻ ആവാത്ത പ്രതിഭയാണ് നിലവിൽ ബുംറ. വരാനിരിക്കുന്ന ടി-20 ലോകകപ്പിലും ഇന്ത്യൻ ബൗളിങ് നിരയിൽ ബുംറ മിന്നും പ്രകടനം കാഴ്ചവെക്കുമെന്ന് തന്നെയാണ് ആരാധകർ ഉറച്ചുവിശ്വസിക്കുന്നത്.

മുംബൈ ബൗളിങ്ങിൽ അഞ്ച് വിക്കറ്റുകൾ വീഴ്ത്തി മിന്നും പ്രകടനമാണ് സ്റ്റാർ പേസർ ജസ്പ്രീത് ബുംറ നടത്തിയത്. നാല് ഓവറിൽ വെറും 21 റൺസ് മാത്രം വിട്ടുനൽകിയാണ് ബുംറ അഞ്ച് വിക്കറ്റുകൾ സ്വന്തമാക്കിയത്. 5.25 എക്കോണമിയിൽ പന്തെറിഞ്ഞ ബുംറ ബെംഗളൂരു താരങ്ങളായ വിരാട് കോഹ്ലി, നായകൻ ഫാഫ് ഡുപ്ലെസിസ്, മഹിപാൽ ലോമോർ, സൗരവ് ചൗഹാൻ, വൈശാഖ് വിജയ് കുമാർ എന്നിവരെ പുറത്താക്കിയാണ് കരുത്ത് കാട്ടിയത്.

ഈ സീസണിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ പട്ടികയിലും ഒന്നാമതും ബുംറ തന്നെയാണ്. അഞ്ച് മത്സരങ്ങളിൽ നിന്നും പത്ത് വിക്കറ്റുകളാണ് താരം നേടിയത്.

# മലയാളിക്കരുത്തിൽ മഞ്ഞപ്പട; ഹൈദരാബാദിനെതിരെ തകർപ്പൻ ജയം

ഹൈദരാബാദ്: തുടർ തോൽവികളിൽ ഏറെ പഴികേട്ട മലയാളികളുടെ സ്വന്തം മഞ്ഞപ്പടക്ക് ഒടുവിൽ മലയാളിത്തിളക്കമുള്ള വിജയം. മുഹമ്മദ് അയ്മനും നിഹാൽ സുധീഷും ഗോളുകളുമായി കളംനിറഞ്ഞ പോരാട്ടത്തിൽ ഹൈദരാബാദിനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് കേരള ബ്ലാസ്റ്റേഴ്സ് തകർത്തത്. ദെയ്സുകേ സകായാണ് ബ്ലാസ്റ്റേഴ്സിന്റെ ശേഷിക്കുന്ന ഗോൾ നേടിയത്. ലീഗിലെ അവസാന സ്ഥാനക്കാരോടാണെങ്കിലും ഈ ജയം ബ്ലാസ്റ്റേഴ്സിന് പ്ലേ ഓഫിൽ വലിയ ഊർജം നൽകുമെന്നുറപ്പ്. പ്ലേ ഓഫിൽ ഒഡീഷയാണ് ബ്ലാസ്റ്റേഴ്സിൻറെ എതിരാളികൾ.കളിയുടെ തുടക്കം മുതൽ തന്നെ ആക്രമിച്ച് കളിച്ച മഞ്ഞപ്പട 37ാം മിനിറ്റിൽ ലക്ഷ്യം കണ്ടു. സൗരവ് മണ്ടാലിന്റെ മനോഹരമായൊരു ക്രോസിനെ ഗോളിലേക്ക് തലകൊണ്ട് തിരിച്ച് മുഹമ്മദ് അയ്മനാണ് ബ്ലാസ്റ്റേഴ്സിനായി ആദ്യ വെടിപൊട്ടിച്ചത്. ഐ.എസ്.എല്ലിൽ ബ്ലാസ്റ്റേഴ്സിനായി അയ്മന്റെ ആദ്യ ഗോളാണിത്.

രണ്ടാം പകുതിയിലും ബ്ലാസ്റ്റേഴ്സിൻറെ മുന്നേറ്റങ്ങൾ കണ്ടാണ് കളി ആരംഭിച്ചത്. 51 ാം മിനിറ്റിൽ ദെയ്സുകേ സകായിലൂടെ മഞ്ഞപ്പട ലീഡുയർത്തി. ഈ ഗോളിലേക്ക് വഴിയൊരുക്കിയതും സൗരവാണ്.



ഇടതുവിങ്ങിലൂടെ പന്തുമായി മുന്നേറിയ അയ്മൻ സൗരവിന് പന്ത് നീക്കുന്നു. പാഞ്ഞെത്തിയ സൗരവ് പന്തിനെ ഗോൾ മുഖത്തേക്ക് തിരിച്ചു. ദെയ്സുകേ സകായുടെ മനോഹര ഫിനിഷ്. സ്കോർ 2-0.

81ാം മിനിറ്റിൽ മലയാളി താരം നിഹാൽ സുധീഷ് ഹൈദരാബാദിന്റെ പെട്ടിയിലെ അവസാന ആണിയടിച്ചു. ഇക്കുറി ഗോളിന് വഴിയൊരുക്കിയത് അയ്മനാണ്. അയ്മന്റെ പാസ് പിടിച്ചെടുത്ത് ഗോൾമുഖത്തേക്ക് കുതിച്ച നിഹാലിന്റെ തകർപ്പനടി ഗോൾകീപ്പറെയും മറികടന്ന് വലയിൽ ചുംബിച്ചു. കളിയവസാനിക്കാൻ നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കേ ജോവോ വികൂറാണ് ഹൈദരാബാദിനായി ആശ്വാസ ഗോൾ നേടിയത്. ഒരു ഗോളും അസിസ്റ്റുമായി കളം നിറഞ്ഞ അയ്മനാണ് കളിയിലെ താരം.

തോറ്റെങ്കിലും കളിയിലുടനീളം മികച്ച പോരാട്ട വീര്യം കാഴ്ചവച്ചാണ് ഹൈദരാബാദ് മുട്ടുമടക്കിയത്. മത്സരത്തിൽ പലതവണ ഹൈദരാബാദ് താരങ്ങൾ ബ്ലാസ്റ്റേഴ്സ് ഗോൾമുഖം വിറപ്പിച്ചു. ബ്ലാസ്റ്റേഴ്സ് ഗോൾവലയെ ലക്ഷ്യമാക്കി ആറ് ഷോട്ടുകളാണ് ഹൈദരാബാദ് ഉതിർത്തത്. ബ്ലാസ്റ്റേഴ്സാവട്ടെ ഏഴ് തവണ ഹൈദരാബാദ് ഗോൾമുഖം ലക്ഷ്യമാക്കി ഷോട്ടുതിർത്തു.

# ലഖ്നൗവിനെതിരേ അനായാസ ജയവുമായി ഡൽഹി

ലഖ്നൗ: ഐപിഎൽ 17-ാം സീസണിൽ രണ്ടാം ജയവുമായി ഡൽഹി ക്യാപ്പിറ്റൽസ്. ലഖ്നൗ സൂപ്പർ ജയന്റ്സിനെ ആറു വിക്കറ്റിനാണ് ഡൽഹി തകർത്തത്. ലഖ്നൗ ഉയർത്തിയ 168 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി 11 പന്ത് ബാക്കിനിൽക്കേ നാലു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. ജെയ്ക് ഫ്രേസർ മഗ്രുക്ക്, ക്യാപ്റ്റൻ ഋഷഭ് പന്ത്, പൃഥ്വി ഷാ എന്നിവരുടെ ബാറ്റിങ്ങാണ് ഡൽഹിയുടെ ജയം അനായാസമാക്കിയത്.

35 പന്തിൽ നിന്ന് അഞ്ച് സിക്സറുകളുടെയും രണ്ട് ഫോറിന്റെയും അകമ്പടിയോടെ 55 റൺസെടുത്ത മഗ്രുക്കാണ് ഡൽഹിയുടെ ടോപ് സ്കോറർ. 24 പന്തുകൾ നേരിട്ട ഋഷഭ് പന്ത് രണ്ട് സിക്സും നാല് ഫോറുമടക്കം 41 റൺസെടുത്ത് പുറത്തായി. മൂന്നാം വിക്കറ്റിൽ ഈ സഖ്യം 77 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കി. ഇരുവരും പുറത്തായ ശേഷം ട്രിസ്റ്റൻ സ്റ്റബ്ബ്സും (15*), ഷായ് ഹോപ്പും (11*) ചേർന്ന് ഡൽഹിയുടെ ജയം പൂർത്തിയാക്കി.

ഡേവിഡ് വാർണർ (8) ഒരിക്കൽ കൂടി നിരാശപ്പെടുത്തിയെങ്കിലും 22 പന്തിൽ നിന്ന് ആറ് ഫോറടക്കം 32 റൺസെടുത്ത പൃഥ്വി ഷാ ഡൽഹിക്ക് മികച്ച തുടക്കം സമ്മാനിച്ച ശേഷമാണ് പുറത്തായത്. ലഖ്നൗവിനാണ് രവി ബിഷ്ണോയ് രണ്ടു വിക്കറ്റ് വീഴ്ത്തി.

നേരത്തേ സ്വന്തം മൈതാനത്ത് ടോസ് നേടി ആദ്യം ബാറ്റിങ്ങിനിറങ്ങിയ ലഖ്നൗ മധ്യ ഓവറുകളിലെ തകർച്ചയെ അതിജീവിച്ചാണ് 20 ഓവറിൽ ഏഴു വിക്കറ്റ് നഷ്ടത്തിൽ 167 റൺസെടുത്തത്.

ഡൽഹിയുടെ കണിശതയാർന്ന ബൗളിങ്ങാണ് ലഖ്നൗവിന് കാര്യങ്ങൾ കടുപ്പമാക്കിയത്. നാല് ഓവറിൽ വെറും 20 റൺസ് മാത്രം വഴങ്ങി മൂന്നു വിക്കറ്റെടുത്ത കുൽദീപ് യാദവാണ് ബൗളിങ്ങിൽ തിളങ്ങിയത്. ഖലീൽ അഹമ്മദ് രണ്ടു വിക്കറ്റെടുത്തു.

ഒരു ഘട്ടത്തിൽ ഏഴിന് 94 റൺസെന്ന നിലയിൽ തകർന്ന ലഖ്നൗവിനെ എട്ടാം വിക്കറ്റിൽ ഒന്നിച്ച ആയുഷ് ബഡോണി - അർഷാദ് ഖാന്റെയും കൂട്ടുകെട്ടാണ് പൊരുതാവുന്ന സ്കോറിലെത്തിച്ചത്. 48 പന്തിൽ നിന്ന് 73 റൺസടിച്ച ഈ കൂട്ടുകെട്ടാണ് ലഖ്നൗ ഇന്നിങ്സിന്റെ നട്ടെല്ല്. 35 പന്തിൽ നിന്ന് ഒരു സിക്സും അഞ്ചു ഫോറുമടക്കം 55 റൺസോടെ പുറത്താകാതെ നിന്ന ബഡോണിയാണ് ടീമിന്റെ ടോപ് സ്കോറർ. 16 പന്തുകൾ നേരിട്ട അർഷദ് 20 റൺസുമായി പുറത്താകാതെ നിന്നു.

ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ലഖ്നൗവിന് മൂന്നാം ഓവറിൽ തന്നെ ഓപ്പണർ ക്വിന്റൺ ഡിക്കോക്കിനെ നഷ്ടമായി. 13 പന്തിൽ നിന്ന് നാല് ബൗണ്ടറിയടക്കം 19 റൺസെടുത്താണ് ഡിക്കോക്ക് മടങ്ങിയത്. പിന്നാലെ മോശം ഫോം തുടരുന്ന ദേവ്ദത്ത് പടിക്കൽ (3) വന്നപോലെ മടങ്ങി. പിന്നാലെ എട്ടാം ഓവറിൽ മാർക്കസ് സ്റ്റോയ്നിസിനെയും (8), നിക്കോളാസ് പൂരനെയും (0) അടുത്തടുത്ത പന്തുകളിൽ മടക്കി കുൽദീപ ് ലഖ്നൗവിനെ ഞെട്ടിച്ചു. തുടർന്ന് 10-ാം ഓവറിൽ ഒറ്റത്ത് നിലയുറപ്പിച്ച് കളിച്ച ക്യാപ്റ്റൻ കെ.എൽ രാഹുലിനെയും പുറത്താക്കിയ കുൽദീപ് കളി ഡൽഹിക്ക് അനുകൂലമാക്കി. 22 പന്തിൽ നിന്ന് ഒരു സിക്സും അഞ്ച് ഫോറുമടക്കം 39 റൺസായിരുന്നു ക്യാപ്റ്റന്റെ സമ്പാദ്യം.

പിന്നാലെയെത്തിയ ദീപക് ഹൂഡയും (13 പന്തിൽ 10), ക്രുണാൽ പാണ്ഡ്യയും (3) കാര്യമായ സംഭാവനയില്ലാതെ മടങ്ങുമ്പോൾ ലഖ്നൗ ഏഴിന് 97 എന്ന നിലയിലായിരുന്നു. അവിടെ നിന്ന് അർഷദിനെ കൂട്ടുപിടിച്ച് ബഡോണിയാണ് ടീം സ്കോർ 167-ൽ എത്തിച്ചത്.

# സബ്സിഡി അനുവദിക്കുന്നത് വിലക്കി; ട്വന്റി 20 ഭക്ഷ്യസുരക്ഷാമാർക്കറ്റ് പൂട്ടി

കൊച്ചി: കിഴക്കമ്പലത്തെ ട്വന്റി 20യുടെ ഭക്ഷ്യസുരക്ഷാ മാർക്കറ്റ് അടച്ചു. സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്നത് ജില്ലാ വരണാധികാരികൂടിയായ കളക്ടർ വിലക്കിയതിനെ തുടർന്നാണ് ഭക്ഷ്യസുരക്ഷാ മാർക്കറ്റ് അടച്ചത്. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അവസാനിക്കുന്നതുവരെ സബ്സിഡി അനുവദിക്കരുതെന്നാണ് കളക്ടർ ഉത്തരവിട്ടത്.

സബ്സിഡി ഇനത്തിൽ സാധനങ്ങൾ വിൽക്കാനാവാത്തതിനാൽ ഭക്ഷ്യസുരക്ഷാമാർക്കറ്റ് പ്രവർത്തിക്കുന്നതുകൊണ്ട് കാര്യമില്ലെന്ന് പറഞ്ഞാണ് അടച്ചുപൂട്ടിയത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്ന് പരാതി ഉയർന്നതോടെയാണ് കളക്ടർ നടപടിയെടുത്തത്.

സംഭവത്തിൽ രൂക്ഷ വിമർശനവുമായി ട്വന്റി 20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് രംഗത്തെത്തി. സിപിഎം കാരാണ് പരാതിക്കു പിന്നിൽ എന്നാണ് അദ്ദേഹം ആരോപിച്ചത്. സിപിഎം പ്രവർത്തകർ ഭക്ഷ്യസുരക്ഷാ മാർക്ക?റ്റിനെതിരെ നൽകിയ പരാതി മനുഷ്യത്വരഹിതവും മാപ്പർഹിക്കാത്ത ക്രൂരതയാണ്. പത്ത് വർഷമായി തുടരുന്ന ഭക്ഷ്യസുരക്ഷാ മാർക്കറ്റാണ് ഇതെന്നും മുൻപ് നടന്ന തെരഞ്ഞെടുപ്പിലൊന്നും ഇത്തരത്തിൽ നടപടിയുണ്ടായിട്ടില്ല എന്നാണ് അദ്ദേഹം പറയുന്നത്.

നേരത്തെ ചട്ടലംഘനം ചൂണ്ടിക്കാട്ടി ട്വന്റി 20 മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം തടഞ്ഞിരുന്നു. ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ച ട്വന്റി 20 അനുകൂല വിധി നേടിയിരുന്നു. ഭക്ഷ്യസുരക്ഷാമാർക്കറ്റ് അടച്ചതോടെ മാർക്കറ്റ് അടച്ചതറിയാതെ സാധനങ്ങൾ വാങ്ങാനെത്തിയ നാട്ടുകാർ പ്രതിഷേധിച്ചു. രാവിലെ മുതൽ മാർക്കറ്റിനു മുന്നിൽ ആയിരങ്ങളാണ് തടിച്ചുകൂടിയത്. പ്രതിഷേധം കനത്തതോടെ റോഡ് ഉപരോധിക്കാൻ ശ്രമിച്ചയാളെ പൊലീസ് നീക്കി.

# 'ഇസ്രായേലുമായി യുദ്ധത്തിനിറങ്ങിയാൽ തോൽക്കും'; ഇറാന് യു.എസ് താക്കീത്

വാഷിങ്ടൺ: ഇസ്രായേലുമായി യുദ്ധത്തിനിറങ്ങിയാൽ പരാജയപ്പെടുമെന്ന് ഇറാന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ താക്കീത്. ഇസ്രായേൽ സുരക്ഷക്കായി അമേരിക്ക രംഗത്തിറങ്ങുമെന്നും ബൈഡൻ വ്യക്തമാക്കി. കൂടുതൽ യുദ്ധകപ്പലുകളും പോർവിമാനങ്ങളും പശ്ചിമേഷ്യയിലേക്ക് വിന്യസിക്കാനും അമേരിക്ക നടപടി തുടങ്ങി. ഇറാനെ പിന്തിരിപ്പിക്കാൻ നയതന്ത്ര നീക്കവും ഊർജിതമാണ്. ഇസ്രായേലിന്റെ സുരക്ഷ ഉറപ്പുവരുത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും യുദ്ധത്തിൽ ഇറാൻ വിജയിക്കില്ലെന്നുമാണ് വൈറ്റ്ഹൗസിൽ മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി ബൈഡന്റെ പ്രതികരണം. ഉടൻ ആക്രമണ സാധ്യതയുണ്ടെന്ന യു.എസ് ഇന്റലിജൻസ് റിപ്പോർട്ട് മുൻനിർത്തി ഇസ്രായേലിൽ ഉടനീളം സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഇന്നലെ മന്ത്രിമാരുമായി സുരക്ഷാ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. ഇറാൻ ആക്രമണത്തിന്റെ സ്വഭാവം നോക്കിയാകും ഇസ്രായേലിന്റെ തിരിച്ചടിയെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

# പാർക്കിൻസൺസിനെ അറിയാം, അതിജീവിക്കാം



ഡോ. ജിം മാത്യു കൺസൽട്ടന്റ് ന്യൂറോ സർജൻ
ആസ്റ്റർ മിംസ് ഹോസ്പിറ്റൽ - കോഴിക്കോട്

ദൈനംദിന ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന രോഗാവസ്ഥകളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏതാണെന്ന് ചോദിച്ചാൽ പാർക്കിൻസൺസ് എന്ന് ഉത്തരം പറയാൻ പലപ്പോഴും രണ്ടാമതൊന്ന് ആലോചിക്കേണ്ടി വരാറില്ല. ഒരു കൊതുക് വന്നിരുന്ന് കടിച്ചാൽ പോലും വേദന സഹിച്ചിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കാത്ത ദുസ്സഹമായ അവസ്ഥയെക്കുറിച്ചൊന്ന് ആലോചിച്ച് നോക്കൂ. സമീപകാലം വരെ വലിയ ചികിത്സയൊന്നും ഇല്ലാതിരുന്ന രോഗം കൂടിയായിരുന്നു പാർക്കിൻസൺസ്. എന്നാൽ ഡി ബി എസ് പോലുള്ള ചികിത്സാ രീതികളുടെ ആവിർഭാവത്തോടെ ഈ അവസ്ഥ പാടേ മാറിയിരിക്കുന്നു.

### എന്താണ് പാർക്കിൻസൺസ്

ചില പ്രത്യേക കാരണങ്ങൾ കൊണ്ട് മസ്തിഷ്കത്തിന്റെ ചില ഭാഗങ്ങളിലെ നാഡികൾക്ക് ക്ഷയം സംഭവിക്കുന്നത് കൊണ്ടാണ് പാർക്കിൻസൺസ് രോഗമുണ്ടാകുന്നത്. നൈഗ്രോ സ്ട്രയേറ്റൽ പാത്തേ എന മസ്തിഷ്ക നാഡീ പാതയിലെ കോശ സന്ധികളിൽ ഡോപ്പമിൻ എന്ന ന്യൂറോ ട്രാൻസ്മിറ്ററിന്റെ സാന്നിദ്ധ്യം ഇല്ലാതാവുകയോ കുറയുകയോ ചെയ്യുന്നത് മൂലമാണ് പ്രധാനമായും പാർക്കിൻസൺസ് ഉണ്ടാകുന്നത്. കൃത്യമായി ഏതെങ്കിലും ഒരു കാരണം മാത്രമായി ചൂണ്ടിക്കാണിക്കുവാൻ ശാസ്ത്രലോകത്തിന് ഇന്നും സാധിച്ചിട്ടില്ല എന്നതും പാർക്കിൻസൺസിനെ സംബന്ധിച്ചുള്ള വസ്തുതയാണ്. 35 വയസ്സ് മുതൽ മുകളിലേക്ക് പ്രായമുള്ളവരിൽ ഈ രോഗാവസ്ഥ കാണപ്പെടാറുണ്ടെങ്കിലും പ്രധാനമായും രോഗനിർണ്ണയം നടക്കാറുള്ളത് 50കളിലാണ്. അപൂർവ്വമായി കുഞ്ഞുങ്ങളിലും (ജുവൈനൽ പാർക്കിൻസൺസ്) കാണപ്പെടാറുണ്ട്.

വിറയൽ തന്നെയാണ് പാർക്കിൻസൺസിന്റെ പ്രധാന ബുദ്ധിമുട്ടും ലക്ഷണവുമായി അനുഭവപ്പെടുന്നത്. എന്നാൽ ഇതോടൊപ്പം തന്നെ ഉറക്കം നഷ്ടപ്പെടുക, വിഷാദരോഗത്തിനടിമപ്പെടുക, അമിതമായ ഉത്കണ്ഠ കാണപ്പെടുക, ആഹാരം ഇറക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുക, പേശികളുടെ അയവ് നഷ്ടപ്പെടുകയും തന്മൂലം ശരീരഭാഗങ്ങൾ ദൃഢമായി മാറുകയും ചെയ്യുക, ചലനശേഷി കുറയുക തുടങ്ങിയ പ്രശ്നങ്ങളും കാണപ്പെടാറുണ്ട്.

### ചികിത്സ

ഡോപ്പമിന്റെ അഭാവമാണ് രോഗകാരണമെന്നതിനാൽ മരുന്നുകൾ ഉപയോഗിച്ചുള്ള ചികിത്സയുടെ പ്രധാന ലക്ഷ്യം ഡോപ്പമിനെ ശരിയായ നിലയിൽ എത്തിക്കുക എന്നതാണ്. ഡോപ്പമിൻ നശിപ്പിക്കപ്പെടാതിരിക്കാനുള്ള മരുന്നുകളും ഡോപ്പമിൻ ഉത്തേജിപ്പിക്കാനുള്ള മരുന്നുകളും നൽകാറുണ്ട്. മസ്തിഷ്കത്തെ ഉത്തേജിപ്പാനുള്ള ചികിത്സയായ ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ എന്ന രീതി കൂടുതൽ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. തലച്ചോറിനകത്ത് ശസ്ത്രക്രിയ വഴി ഇലക്ട്രോഡുകൾ സ്ഥാപിച്ച് രോഗബാധിതമായ മേഖലയെ ഉത്തേജിപ്പിക്കുകയാണ് ഡി ബി എസിലൂടെ ചെയ്യുന്നത്.ഏറ്റവും പ്രധാനം ബന്ധുക്കളുടേയും കൂട്ടിരിപ്പുകാരുടേയും ക്ഷമയും സ്നേഹത്തോടെയുള്ള മനോഭാവവുമാണ്. ദൈനംദിന ജീവിതത്തെ പാടെ ദുരിതത്തിലാക്കുന്ന രോഗാവസ്ഥ എന്ന നിലയിൽ രോഗിയുടെ മനോനിലയിൽ വളരെ പെട്ടെന്ന് തന്നെ വലിയ മാറ്റങ്ങളുണ്ടാകുവാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ നിരാശ, മാനസിക സംഘർഷം തുടങ്ങിയവ രോഗി അഭിമുഖീകരിക്കേണ്ടി വരും. സ്വാഭാവികമായും ബന്ധുക്കളുടെ സ്നേഹത്തോടെയും അനുകമ്പയോടെയുമുള്ള പരിചരണം രോഗിയുടെ തുടർജീവിതത്തെ വലിയ രീതിയിൽ സ്വാധീനിക്കും എന്ന് ഓർമ്മിക്കുക.




RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.